2017 ജൂലൈ 10
വാല്യം 10
ലക്കം 13

ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 08

# മലയാളി പെന്തെക്കോസ്ത് കോൺഫറൻസ് ബോസ്റ്റണിൽ: റവ. ബെഥേൽ ജോൺസൺ കൺവീനർ, ബ്രദർ വെസ്ലി മാത്യു സെക്രട്ടറി

**ന്യൂയോർക്ക്:** 2018 ജൂലൈ 5 മുതൽ 8 വരെ ബോസ്റ്റൺ പട്ടണത്തിൽ വച്ച് നടത്തപ്പെടുന്ന 36-ാമത് നോർത്ത് അമേരിക്കൻ മലയാളി പെന്തെക്കോസ്തൽ കോൺഫറൻസിന്റെ (പി.സി.എൻ.എ.കെ.) ദേശീയ ഭാരവാഹികളെ തിരഞ്ഞെടുത്തു. കൊളംബസ് ഒഹായോ കൺവൻഷൻ സെന്റിൽ ജൂൺ 30നു വെള്ളിയാഴ്ച നടത്തപ്പെട്ട പ്രതിനിധി സഭിലാണ് ഭാരവാഹികളെ തെരഞ്ഞെടുത്തത്. മസാച്ചുസെറ്റ്സ് സ്പ്രിംങ്ങ് ഫീഡ് മാസ് മ്യൂച്ചൽ കൺവൻഷൻ സെന്ററിലാണ് 36-ാമത് കോൺഫറൻസ് നടത്തപ്പെടുക.


റവ. ബഥേൽ ജോൺസൺ


ബ്രദർ വെസ്ലി മാത്യു


ബാബുക്കുട്ടി ജോർജുകുട്ടി


ബ്രദർ ഷോണി തോമസ്


ബ്രദർ നിബു വെള്ളവന്താനം

നാഷണൽ കൺവീനറായി തിരഞ്ഞെടുക്കപ്പെട്ട റവ. ബഥേൽ ജോൺസൺ ഇടിക്കുള ഇൻഡ്യാ പെന്തെക്കോസ്ത് ദൈവസഭയുടെ ആരംഭകാല പ്രവർത്തകനും സുവിശേഷകനുമായ പരേതനായ പാസ്റ്റർ ചാക്കോ ഇടിക്കുളയുടെ (പുനലൂർ ഇടിക്കുള സാർ) മകനാണ്. 1983-ൽ അമേരിക്കയിൽ കുടുംബമായി എത്തിയ പാസ്റ്റർ ബഥേൽ ജോൺസൺ കാൽനൂറ്റാണ്ടിലധികമായി ബോസ്റ്റൺ ക്രിസ്ത്യൻ അസംബ്ലി സഭയുടെ സീനിയർ ശുശ്രൂഷകനായി പ്രവർത്തിക്കുന്നു. മികച്ച പ്രഭാഷകനും സംഘാടകനുമായ റവ. ബെഥേൽ ജോൺസൺ ഭാരതത്തിലും ആഫ്രിക്കയിലുമുള്ള വിവിധ മിഷനറി പ്രവർത്തനങ്ങളിൽ സജീവമായി സഹകരിച്ചുവരുന്നു. പുനലൂർ സ്വദേശിയാണ്. ഭാര്യ: സൂസൻ ജോൺസൺ. മക്കൾ: ജീൻ, ജൂലി, ജോവാൻ, ജെമി, ജോനാഥാൻ.

നാഷണൽ സെക്രട്ടറിയായി ഐക്യകണ്ഠേന തിരഞ്ഞെടുക്കപ്പെട്ട ബ്രദർ വെസ്ലി മാത്യു ഡാളസ് ഹെബ്രോൻ ഐ.പി.സി. സഭാംഗമാണ്. ഗു

06

# ഡോ. ഷിബു കെ. മാത്യു സെമിനാരി പ്രിൻസിപ്പാൾ



**മുളക്കുഴ:** ഇൻഡ്യയിലെ തന്നെ പ്രഥമ ബൈബിൾ സെമിനാരിയായ മൗണ്ട് സയോൺ ബൈബിൾ സെമിനാരിയുടെ പ്രിൻസിപ്പാളായി നിയമിതനായ ഡോ. ഷിബു കെ. മാത്യു സെമിനാരിയുടെ രജിസ്റ്ററായി 2008 മുതൽ പ്രവർത്തിച്ചു വരികയായിരുന്നു. കേരളാ സ്റ്റേറ്റ് കൗൺസിൽ മെമ്പറായ ഇദ്ദേഹം വൈ. പി. ഇ.യുടെ പ്രസിഡന്റായും പല ടേമുകളിൽ കൗൺസിൽ മെമ്പറായും പ്രവർത്തിച്ചിട്ടുണ്ട്. ദീർഘ വർഷങ്ങളായി ബൈബിൾ കോളജ് അധ്യാപകനായും തിരുവല്ലാ സിറ്റി ചർച്ചിന്റെ ശുശ്രൂഷകനായും പ്രവർത്തിച്ചുവരുന്നു. സെറാംപൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.ഡി., എം.റ്റി.എച്ച് ബിരുദങ്ങൾ നേടിയിട്ടുണ്ട്. അമേരിക്കയിൽ ക്ലീവ്ലൻഡിലുള്ള ചർച്ച് ഓഫ് ഗോഡ് സെമിനാരിയായ പെന്തെക്കോസ്തൽ തിയോളജിക്കൽ സെമിനാരിയിൽ നിന്നും ഡി.മിൻ. ബിരുദവും ഡോ. ഷിബു കരസ്ഥമാക്കിയിട്ടുണ്ട്.

# ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ബിലീവേഴ്സ് ബോർഡ് ബ്രദർ ജോസഫ് മറ്റത്തുകാല സെക്രട്ടറി


ബ്രദർ സി. പി. വർഗീസ്


ബ്രദർ ഏബ്രഹാം എം. തോമസ്


ബ്രദർ ജോസഫ് മറ്റത്തുകാല


ബ്രദർ അജി കുളങ്ങര


ബ്രദർ കോശി ജോർജ്ജ്

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ബിലീവേഴ്സ് ബോർഡ് നിലവിൽ വന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വിശ്വാസി പ്രമുഖരാണ് ബിലീവേഴ്സ് ബോർഡ് അംഗങ്ങളായി നിയമിതരായിരിക്കുന്നത്. കേരളത്തിലെ ലക്ഷക്കണക്കിന് വിശ്വാസികളെ പ്രതിനിധികരിച്ചാണ് ഈ ബോർഡ് സഭയുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്നത്.

ബിലീവേഴ്സ് ബോർഡ് വൈസ് പ്രസിഡന്റുമാരായി ബ്രദർ സി. പി. വർഗീസും ബ്രദർ ഏബ്രഹാം എം. തോമസും നിയമിതരായി. ബ്രദർ സി. പി. വർഗീസ് ദൈവസഭയുടെ ഇരവിപേരൂർ സഭാംഗമാണ്. രണ്ടാം പ്രാവശ്യമാണ് ഇദ്ദേഹം ദൈവസഭയുടെ ബിലീവേഴ്സ് ബോർഡ് വൈസ് പ്രസിഡന്റാകുന്നത്. ബ്രദർ ഏബ്രഹാം എം. തോമസ് തിരുവല്ല ദൈവസഭാംഗവും ഡിസ്ട്രിക്ട് സെക്രട്ടറിയായും പ്രവർത്തിക്കുന്നു. നിരവധി തവണ സ്റ്റേറ്റ് ബോർഡ്

07

# നിയമിതരായി


പാസ്റ്റർ ഷൈജു തോമസ്


പാസ്റ്റർ സാബു കൊച്ചുമ്മൻ

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് മീഡിയാ ഡിപ്പാർട്ട്മെന്റ് സെക്രട്ടറിയായി ഷൈജു തോമസ് ഞാറയ്ക്കലും, ജോയിന്റ് സെക്രട്ടറിയായി പാസ്റ്റർ സാബു കൊച്ചുമ്മനും നിയമിതരായി. സഭാ ശുശ്രൂഷകൻ, കൺവൻഷൻ പ്രഭാഷകൻ, എഴുത്തുകാരൻ, ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പിന്റെ ഔദ്യോഗിക നാവായ ഗോസ്പൽ എക്കോസിന്റെ എഡിറ്ററുമാണ് പാസ്റ്റർ ഷൈജു ഞാറയ്ക്കൽ. പാസ്റ്റർ സാബു കൊച്ചുമ്മൻ കപ്പാട് സഭാശുശ്രൂഷകനും റൈറ്റേഴ്സ് ഫെലോഷിപ്പ് എക്സിക്യൂട്ടീവ് കമ്മറ്റി അംഗവുമാണ്.

# പി. വൈ. പി. എ. മലബാർ മേഖലാ ഭാരവാഹികൾ


സാം കൊണ്ടാഴി


പാസ്റ്റർ ജോബിൻ കെ. ജോൺ


സന്ദീപ് വിളമ്പുക്കണ്ടം

**പെരിന്തൽമണ്ണ:** പെരിന്തൽമണ്ണയിൽ നടന്ന പി.വൈ.പി.എ. മലബാർ മേഖലാ പൊതുയോഗവും ഐപിസി മലബാർ മേഖലാ കമ്മറ്റിയും സംയുക്തമായി പിവൈപിഎ മലബാർ കോർഡിനേഷൻ കമ്മറ്റിയെ തിരഞ്ഞെടുത്തു. യോഗത്തിൽ ഐപിസി മേഖലാ പ്രസിഡന്റ് പാസ്റ്റർ ജോൺ ജോർജ് അധ്യക്ഷത വഹിക്കുകയും ഐപിസി മേഖലാ സെക്രട്ടറി പാസ്റ്റർ ബിയോജ് കുര്യാക്കോസ് തിരഞ്ഞെടുപ്പിന് നേതൃത്വം നൽകുകയും ചെയ്തു. ഐപിസി സംസ്ഥാന കൗൺസിൽ അംഗങ്ങളായ ജോർജ് തോമസ്, സജി മത്തായി കാതേട്ട്, വി. എസ്. ചാക്കോ എന്നിവർ ആശംസകൾ അറിയിച്ചു. കോർഡിനേഷൻ കമ്മറ്റി

06

## സാക്ഷി



നടിയെ പീഡിപ്പിച്ച സംഭവം "പ്രമുഖ" നടനെതിരെ സംശയം

*എല്ലാവരും അഭിനയിക്കുകയാണല്ലോ*

# ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ചാരിറ്റി & കൗൺസിലിംഗ് ഭാരവാഹികൾ


പാസ്റ്റർ ജോൺസൺ ജോർജ്ജ്
ജോ.ഡയറക്ടർ ചാരിറ്റി


ബ്രദർ സജി കുമ്മട്ടി
സെക്രട്ടറി ചാരിറ്റി


പാസ്റ്റർ വിജു ഡാനിയേൽ
ട്രഷറാർ ചാരിറ്റി


പാസ്റ്റർ ജോൺസൺ തോമസ്
സ്റ്റേറ്റ്കോർഡിനേറ്റർ ചാരിറ്റി


പാസ്റ്റർ ലിജു നൈനാൻ
ജോ. സെക്രട്ടറി ചാരിറ്റി


പാസ്റ്റർ അലക്സാണ്ടർ ജോർജ്
കൗൺസിലിംഗ് ഡിപ്പാർട്ട്മെന്റ് സെക്രട്ടറി


പാസ്റ്റർ ഷെർവിൻ വർഗീസ്
കൗൺസിലിംഗ് ഡിപ്പാർട്ട്മെന്റ് കോർഡിനേറ്റർ

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി
രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ ജോബിൻ കെ. ജോൺ

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 200 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
OFFC: 0469 2666995
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

അറിയിപ്പ്
ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.
പത്രാധിപർ






# ജീവിതം എന്ന പോരാട്ടം

**ബിനു ജോസഫ്**
**വടശ്ശേരിക്കര**

നിങ്ങൾക്കു സാദ്ധ്യമാണെന്ന എന്റെ ആദ്യഗ്രന്ഥം പുറത്തിറങ്ങിയശേഷം എനിക്ക് അനേക പ്രതികരണങ്ങൾ ലഭിച്ചു. രണ്ടാം പതിപ്പിന്റെ പരസ്യം കണ്ടിട്ട് ശാരീരിക വൈകല്യം ബാധിച്ച ജോസഫ് എന്ന യുവാവ് പുസ്തകം ആവശ്യപ്പെട്ട് എനിക്ക് കത്തെഴുതി. നല്ല വടിവൊത്ത അക്ഷരങ്ങൾ, വ്യത്യസ്തമായ ശൈലി ഇംഗ്ലീഷും ഇടക്കിടെ ഉപയോഗിച്ചിരിക്കുന്നു.... അവസാനമായി കത്തിൽ തെറ്റുകളുണ്ടെങ്കിൽ ക്ഷമിക്കണമെന്ന അഭ്യർത്ഥനയും. ഞാൻ പുതിയ പതിപ്പിന്റെ ഒരു കോപ്പി അദ്ദേഹത്തിന് അയച്ചു കൊടുത്തു. ചില ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഈ സ്നേഹിതൻ എന്നെ ഫോണിൽ വിളിച്ച് തന്റെ ജീവിതത്തിലെ സകല പ്രതീക്ഷയും അസ്തമിച്ചിരിക്കുമ്പോഴാണ് ഈ പുസ്തകം ലഭിച്ചതെന്നും, അത് തനിക്ക് ഒരു പുതിയ അനുഭവം പകർന്നു എന്നും വിളിച്ചറിയിച്ചു....

ആ സംസാരം തുടങ്ങുമ്പോൾ തന്നെ ജോസഫിന്റെ കത്തും ആ ശൈലിയും എന്റെ മനസ്സിലേക്ക് എത്തി. ഞാൻ പറഞ്ഞു, "നിങ്ങളുടെ കൈയ്യക്ഷരം കണ്ടപ്പോൾ തന്നെ നിങ്ങൾ ഒരു കഴിവുള്ളയാളാണെന്ന് എനിക്കു മനസിലായി...." വെറും നേഴ്സറി വിദ്യാഭ്യാസം കൊണ്ടാണ് താൻ ഈ കത്ത് എഴുതിയതെന്ന് പറഞ്ഞ മറുപടി വിശ്വസിക്കുവാൻ എനിക്ക് അല്പം ബുദ്ധിമുട്ട് തോന്നി.

വെറും നേഴ്സറി വിദ്യാഭ്യാസം മാത്രമുള്ള ഒരാൾക്ക് ഇത്രയും നല്ല രീതിയിൽ എഴുതുവാൻ കഴിയില്ലല്ലോ എന്നതായിരുന്നു എന്റെ ധാരണ. എന്നാൽ അദ്ദേഹം പറഞ്ഞത് വൈകല്യം കാരണം എന്റെ മാതാപിതാക്കൾ എന്നെ സ്കൂളിൽ വിടില്ല എന്ന ഞെട്ടിപ്പിക്കുന്ന വാർത്തയാണ്. ഇന്ന് 35 വയസ് പ്രായമുള്ള ഇയാൾ വീടിന്റെ ഒരു മൂലയിൽ ഒതുങ്ങിയിരിക്കുകയാണ്.

**വൈകല്യം തടസമോ?**

ജീവിതത്തിലെ വൈകല്യങ്ങൾ ഒരു തടസ്സമാണോ? എന്നത് ആരെയും ചിന്തിപ്പിക്കുന്ന ഒന്നാണ്. മുകളിൽ കണ്ട സംഭവം അതിന് ഒരു ദാഹരണമാണ്. വൈകല്യം ഒരു വിധിയായി കണ്ട്, പഠിക്കുവാൻ പോലും അയക്കാതെ മാതാപിതാക്കൾ വീട്ടിനകത്തെ തടവറയിൽ അടച്ചു.... എന്നാൽ വൈകല്യങ്ങൾ ഒരു തടസമല്ലെന്ന് തെളിയിക്കുകയാണ് ഇന്നിപ്പറയുന്നവർ-

☞ നിക്ക് വുജുസിസ്
☞ ജോണി എറിക്സൺ
☞ ഹെലൻ കെല്ലർ
☞ ലൂയിസ് ബ്രെയ്‌ലി

വൈകല്യം തടസ്സമായിരുന്നെങ്കിൽ നിക്ക് ഇന്ന് ഇവിടെ എത്തുമായിരുന്നില്ല. ജീവിതത്തിൽ ദൈവാശ്രയത്തോടെ ചുവടുവെച്ചാൽ വിജയം നിശ്ചയമാണെന്നതിന് ഉത്തമ ഉദാഹരണമാണ് ഈ കഥ. (അദ്ധ്യായം 11) ജീവിതത്തിൽ സംഭവിച്ചതോർത്ത് ദുഃഖിക്കുകയോ പരിതപിക്കുകയോ ചെയ്യാതെ ദൈവത്തിന് ഇതിൽ കൂടിയും ചില പദ്ധതികൾ ഉണ്ടെന്ന ഉറപ്പ് പ്രാപിക്കുവാൻ കഴിഞ്ഞാൽ പിന്നെ ദുഃഖിക്കേണ്ടിവരില്ല.

**നിക്കിന്റെ വിജയരഹസ്യം**

☞ ദൈവത്തിലുള്ള ആശ്രയം
☞ പ്രോത്സാഹനമായി മാതാപിതാക്കൾ
☞ ക്രിയാത്മകമായി ചിന്തിക്കുവാനുള്ള കഴിവ്
☞ ലക്ഷ്യത്തോടുള്ള ജീവിതം
☞ എല്ലാറ്റിന്റെയും നല്ല വശം ഉൾകൊള്ളുവാനുള്ള മനസ്സ്
☞ മാംസപിണ്ഡമായ തനിക്കും ഈ ലോകത്തിൽ ചിലത് ചെയ്യുവാനുണ്ടെന്ന ബോധ്യം

മുകളിൽ പറഞ്ഞ ബോദ്ധ്യം പ്രാപിക്കാത്തതിനാലാണ് ചിലരെങ്കിലും ബലഹീനതയിലും ഇല്ലായ്മയിലും ക്ഷീണിച്ച് യാത്ര മതിയാക്കുന്നത്. കഴിഞ്ഞ ചില നാളുകളായി ശാരീരിക ബലഹീനതകൾ നേരിട്ടവരെ ഞാൻ കണ്ടും അന്വേഷിച്ചും പഠിച്ചും വരികയാണ്. ആ പഠനം എന്നെ ചില പ്രത്യേക കണ്ടുപിടിത്തങ്ങളിലേക്ക് നയിച്ചു. ഇവരിൽ;

☞ ദൈവാശ്രയമുള്ളവർ ജീവിതത്തിലെ ബലഹീനതകളെ വിജയകരമായി നേരിട്ടിട്ടുണ്ട്.
☞ ശാരീരികമായി ബലഹീനരെങ്കിലും, ആ ബലഹീനത നേരിടാൻ മറ്റ് ചില വിശിഷ്യ കഴിവുകൾ ദൈവം അവർക്ക് നൽകി യിട്ടുണ്ട്.
☞ ജന്മനാ വൈകല്യവുമായി പിറന്നവർ എല്ലാം തന്നെ അത് സ്വയം അംഗീകരിക്കുന്നവരാണ്.
☞ അവരുടെ വളർച്ചക്ക് പിന്നിൽ മാതാവിനോ, പിതാവിനോ മറ്റ് അടുത്ത ഒരാൾക്കോ കൂടുതൽ സ്വാധീനമുണ്ട്.
☞ മറ്റുള്ളവരുടെ സഹതാപം ആഗ്രഹിക്കാത്തവരാണിവരെല്ലാം തന്നെ.
☞ ഇവർക്ക് പ്രതിസന്ധികളെ നേരിടുവാനുള്ള മാനസികശേഷി അല്പം കൂടുതലാണ്.
☞ കാര്യഗ്രഹണശേഷി ഇത്തരക്കാർക്ക് കൂടുതലുണ്ട്.
☞ ദൈവം നൽകിയ ബലഹീനതകളെ അംഗീകരിക്കുകയാണ് വിജയത്തിനാധാരം.

നിക്കിനെപ്പറ്റി ചിന്തിച്ചപ്പോൾ, പൗലോസിന്റെ വചനങ്ങൾക്ക് പുതിയൊരു വിവർത്തനം എന്റെ ചിന്തയിൽ ഉദിച്ചു: "കാലും കൈയ്യും ഉള്ളവരെ ലജ്ജിപ്പിപ്പാൻ ലോകത്തിൽ കൈയ്യു കാലും ഇല്ലാത്ത നിക്കിനെയും കണ്ണുള്ളവരെയും ലജ്ജിപ്പിപ്പാൻ കണ്ണില്ലാത്ത ഫാനിക്രോസ്ബിയെയും ദൈവം തിരഞ്ഞെടുത്തു......"

പൗലോസ് പറയുന്നു; ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായതു തിരഞ്ഞെടുത്തു (1കൊരി.1:27) ബലഹീനമായതിനെ ഇഷ്ടപ്പെടുന്ന ദൈവം ബലഹീനരെയും ക്ഷീണിതരെയും ഉപേക്ഷിക്കുന്നില്ല.

**ദൈവം അറിയാതെ ഒന്നും.....**

ഏതൊരാളുടെയും ജീവിതത്തിൽ ദൈവം അറിയാതെ ഒന്നും സംഭവിക്കുന്നില്ല. ബലഹീനത, ഇല്ലായ്മ, തകർച്ചകൾ എല്ലാം ദൈവം അറിയുന്നു. പലതിന്റെയും കാരണക്കാർ ഒരു പക്ഷേ നാം തന്നെ ആയിരിക്കാം. എങ്കിലും കുറ്റം ചാർത്തി, ദൈവം നമ്മെ പുറന്തള്ളുകയില്ല. മറ്റ് ചിലരിൽ ദൈവപ്രവൃത്തിക്കായി ബലഹീനതകളോ, പരാജയങ്ങളോ നേരിടാം. യോഹ.9 -ൽ യേശുവിന്റെ അടുക്കലേക്ക് വന്ന കുരുടൻ എന്തുകൊണ്ട് അന്ധനായി പിറന്നു എന്ന ചോദ്യത്തിന് യേശു നൽകുന്ന മറുപടി; "ദൈവപ്രവൃത്തി അവങ്കൽ വെളിപ്പെടുവാനത്രേ" എന്നാണ്. സൗഖ്യം നൽകിയും സൗഖ്യം നൽകാതെയും ദൈവപ്രവൃത്തി വെളിപ്പെടുത്തുവാൻ ദൈവത്തിന് കഴിയും.

എല്ലാറ്റിനും അത്ഭുതം പ്രതീക്ഷിക്കുന്നവരാണ് പലരും. എന്നാൽ ആയിരിക്കുന്ന അവസ്ഥയിൽ ദൈവത്തിന് ചിലരെ ആവശ്യമാണ്. ബലഹീനതയിൽ സൗഖ്യം നൽകുന്ന ദൈവത്തേക്കാൾ ബലഹീനതകളിൽ ബലം നൽകുന്ന ദൈവത്തെയാണ് ഞാൻ ഇഷ്ടപ്പെടുന്നത്.

ഒരു ഇംഗ്ലീഷ് ഗാനത്തിന്റെ വരികൾ ഇപ്രകാരം ആണ്

And now let the weak say I am strong;
and Let the poor say I am rich;
and Because of what the Lord has done for us"






# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)

**എഡിസൺ തോമസ്**
**വേങ്ങൂർ, 9961336353**

–തുടർച്ച–

പൗലോസ് അപ്പോസ്തലൻ ഉപദേശിക്കുന്നത് സഭയുടെ മൂപ്പൻ വചനത്തിലും ഉപദേശത്തിലും അധ്വാനിക്കുന്നവനായിരിക്കണം, ഇതിനെ രണ്ടു നിലയിൽ വ്യാഖ്യാനിക്കാം. ഒരു സഭാശുശ്രൂഷകൻ വചനവും (ദൈവവചനം) ഉപദേശവും (പ്രമാണങ്ങൾ) പഠിച്ചവനും അറിവുള്ളവനും മറ്റുള്ളവർക്കു പകർന്നുകൊടുക്കുന്നവനുമായിരിക്കണം. ദൈവവചനം പഠിക്കേണ്ടതായ ആവശ്യകതയും അത് മറ്റുള്ളവരെ പഠിപ്പിക്കുവാനും സഭാശുശ്രൂഷകന്മാർ ബാധ്യസ്ഥരാണ്. ദൈവവചനം പഠിക്കുന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. ലോകത്തിലുള്ള സകലപഠനങ്ങളെക്കാളും ഏറ്റവും പ്രയാസവും വിഷമവുമുള്ള പഠനമാണ് തിയോളജിക്കൽ പഠനം, ഓരോ ദിവസം കഴിയുന്തോറും പുതിയ വ്യാഖ്യാനം, പുതിയ അവതരണം, പുതിയ ആവിഷ്ക്കരണം എന്നുവേണ്ടാ എല്ലാം പുതിയതാക്കുന്നു; അപ്പോൾ വചനത്തോട് നീതി പുലർത്തി വ്യാഖ്യാനിക്കണമെങ്കിൽ അല്പം പ്രയാസമാണ്, ബൈബിൾ പഠിക്കുമ്പോൾ അതിന്റെ സംസ്ക്കാരിക, സാഹിത്യ-ചരിത്ര പശ്ചാത്തലവും എഴുതുവാനുള്ള കാരണങ്ങൾ, എന്തിനു എന്നിങ്ങനെയുള്ള വിഷയങ്ങൾ മനസ്സിലാക്കിവേണം പഠിക്കുവാനും വ്യാഖ്യാനിക്കുവാനും ചെയ്യേണ്ടത്, ഇന്നു ബൈബിൾ പഠനം പലർത്തും ഒരു തമാശയാണ്, ചിലർ പഠിക്കാതെ ബൈബിൾ കോളേജ് അധികാരികളെ സമീപിച്ചും സാധിനിച്ചും ഡിഗ്രികൾ കരസ്ഥമാക്കുന്നു, മറ്റു ചിലർ കറസ്പോണ്ടൻസ് കോഴ്സിലൂടെയും വേറെ ചിലർ മാസത്തിലോ, രണ്ടു ആഴ്ചയിൽ ഒരിക്കലോ ആഴ്ചയിലോ നടക്കുന്ന ഒരു മണിക്കൂറിലെ പഠനത്തിലൂടെ വേദഡിഗ്രികളായ ഡി.റ്റി.എച്ചും, എം.ഡിവും, എം.റ്റി.എച്ചും നേടി സഭയുടെ തലപ്പത്ത് എത്തുന്നു. ചിലർ ചെന്നൈയിൽ നിന്നും മറ്റു സ്ഥലങ്ങളിൽ നിന്നും പണം കൊടുത്തും വാങ്ങുന്നവരുമാണ്. ഒടുവിൽ ഒരു കൂട്ടർ പറയുന്നത് പഠിക്കേണ്ടാ ആവശ്യമില്ലാ മുട്ടിൻകാലിലിരുന്നു പ്രാപിച്ചാൽ മതി എന്നും എന്നാൽ ബൈബിൾ ശരിയായ രീതിയിൽ പഠിക്കാതെ ആർക്കും അതു വ്യാഖ്യാനിക്കുവാനോ വിഭജിക്കുവാനോ കഴിയുകയില്ലാ എന്ന സത്യം നാം മനസ്സിലാക്കണം. ഇന്നു ചിലർ ചിന്തിക്കുന്നത് ശുശ്രൂഷ എന്നു പറഞ്ഞാൽ പാസ്റ്റൽ ശുശ്രൂഷയും പ്രവചന ശുശ്രൂഷയും ഭൂതശാന്തിയും രോഗശാന്തിയുമാണ്. മറ്റ് യാതൊന്നും ശുശ്രൂഷയല്ലാ. ഇവിടെ പൗലോസ് പറയുന്നത് വചനത്തിലും ഉപദേശത്തിലും അധ്വാനിക്കുകയെന്നാണ്, ഇടയലേഖനങ്ങളിൽ പല പ്രാവശ്യം പ്രസ്തുത വിഷയത്തെ പൗലോസ് അരക്കിട്ടു സ്ഥാപിക്കുന്നുണ്ട്. നിന്നെയും നിന്റെ ഉപദേശത്തെയും സൂക്ഷിച്ചുക്കൊള്ളുക 1 തിമൊ. 4:16. (തുടരും...)

# ഉപവാസ പ്രാർത്ഥന



ബെഥേൽ പ്രയർ മിനിസ്ട്രിയുടെയും ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ ഇഞ്ചക്കാട് ടൗൺ ചർച്ചിന്റെയും ആഭിമുഖ്യത്തിൽ 21 ദിവസത്തെ ഉപവാസപ്രാർത്ഥന 2017 ജൂലൈ 3 മുതൽ 23 വരെ ബെഥേൽ പ്രയർ ടവർ ഇഞ്ചക്കാട് വച്ച് നടക്കും. ജൂലൈ 3 മുതൽ 16 വരെ രാവിലെ 10 മുതൽ 1 വരെയും, 17 മുതൽ 23 വരെ രാവിലെ 10 മുതൽ 1 വരെയും വൈകിട്ട് 6.30 മുതൽ 9 വരെയും നടക്കും. പാസ്റ്റർമാരായ ഏബ്രഹാം മാത്യു (കൊട്ടാരക്കര), റെജിമോൻ തങ്കച്ചൻ (പുനലൂർ), ഐ. ജോൺസൺ (കുണ്ടറ), സാം ചന്ദ്രശേഖർ, ബിന്നി ജോൺ (കൊട്ടാരക്കര), ഹാബേൽ (രാജപാളയം), അനീഷ് കാവാലം എന്നിവരെ കൂടാതെ മറ്റ് അനുഗ്രഹീതരായ ദൈവദാസന്മാരും ദൈവവചനം ശുശ്രൂഷിക്കുന്നതായിരിക്കും. പാസ്റ്റർ വിജു ഡാനിയേൽ നേതൃത്വം വഹിക്കും.

കൂടുതൽ വിവരങ്ങൾക്ക്: 8075453033, 7025529950

**എനിക്കും പറയാനുണ്ട്**

# കുര്യാക്കോസിന്റെ തെറിവിളി ചില യാഥാർത്ഥ്യങ്ങൾ



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

കഴിഞ്ഞ കുറച്ചുനാളുകളായി ചർച്ച് ഓഫ് ഗോഡിന്റെ പേരിൽ കുര്യാക്കോസ് എന്നൊരുവൻ സമൂഹമാധ്യമങ്ങളിലൂടെ അസഭ്യവർഷവുമായി നിറഞ്ഞാടുകയായിരുന്നു. എന്നാൽ അയാൾ പ്രചരിപ്പിക്കുന്ന ഓഡിയോ ക്ലിപ്പുകൾക്ക് മറുപടി നൽകാതിരുന്നത് അതേ നിലവാരത്തിലോട്ട് താഴുവാൻ വയ്യാത്തതുകൊണ്ടാണ്. ദൈവസഭയെ നന്നാക്കുവാൻ ഇറങ്ങിയ അപ്പൊസ്തലനായിട്ടാണ് ഇയാൾ സ്വയം പ്രതിഷ്ഠിച്ചിരിക്കുന്നത്. കുര്യാക്കോസ് എന്ന പേരിന്റെ അർത്ഥം ദൈവത്തിന്റെ ഭവനം എന്നാണ്. എന്നാൽ ഈ സഹോദരൻ വായ് പൊളിച്ചാൽ പറയുന്നത് മൊത്തം തരംതാണ ഭാഷയും തെറിയുമാണ്. തുടർച്ചയായി പ്രചരിപ്പിക്കുന്ന വോയ്സ് ക്ലിപ്പുകൾ ചിലരെയെങ്കിലും തെറ്റിദ്ധരിപ്പിച്ചിട്ടുണ്ട്. യാഥാർത്ഥ്യം പൊതുജനം അറിയേണ്ടതുണ്ട് അതിനാലാണ് ഈ കുറിപ്പ്. ബിലീവേഴ്സ് ജേണൽ ആശയപരമായ പോരാട്ടങ്ങൾ നടത്താറുണ്ട്. അഴിമതിക്കും ദുരുപദേശത്തിനെതിരെയും ശക്തമായ ഭാഷയിൽ പ്രതികരിച്ചിട്ടുമുണ്ട്. എന്നാൽ ഒരിക്കൽ പോലും കുടുംബാംഗങ്ങളെയോ വ്യക്തിപരമായ ജീവിതത്തെയോ ആക്രമിക്കാറില്ല. ആശയപരമായ സംവാദങ്ങളും നിലപാടുകളും മാത്രമാണ് ഞങ്ങൾ പ്രകടിപ്പിക്കാറുള്ളത്. ഇത്തരം എഴുത്തുകൾ ചിലർക്കെങ്കിലും അലോരസമായിട്ടുണ്ട്. എന്നാൽ ചിലരെങ്കിലും ഇത്തരം എഴുത്തുകൾ മുഖാന്തിരം ജേണലിനും എനിക്കും എതിരായിമാറി എന്നതാണ് യാഥാർത്ഥ്യം.

എന്നാൽ ഇന്ന് ചർച്ച് ഓഫ് ഗോഡുമായി ബന്ധപ്പെട്ട് നടക്കുന്ന ചിലരുടെ കളികൾ തരംതാണതാണ് എന്നതിനപ്പുറം മര്യാദയുടെ എല്ലാ സീമകളും ലംഘിക്കുന്നതുകൂടിയാണ്. ആശയപരമായ എതിർപ്പുകളും വിമർശനങ്ങളും നല്ലതാണ്. എന്നാൽ കുര്യാക്കോസ് എന്ന വ്യക്തിയെ മുമ്പിൽ നിർത്തി ചില ശിഖണ്ഡികൾ നടത്തുന്ന അസഭ്യവർഷത്തിന് മറുപടി നൽകുവാൻ കുടുംബത്തിൽ പിറന്ന ആരുടെയും സംസ്കാരം അനുവദിക്കുകയില്ല. കുട്ടികുരങ്ങനെക്കൊണ്ട് ചൂടുചോറ് വാരിക്കുന്ന തള്ളക്കുരങ്ങനെപ്പോലെ ചിലർ കളിക്കുകയാണ്. ചിലരിൽ നിന്നും കൂലി വാങ്ങി കുഴലൂത്ത് നടത്തുന്ന കുര്യാക്കോസിനും ക്രൈസ്തവനാദം എന്ന പേരിൽ പൈശാചിക പ്രവർത്തി നടത്തുന്ന പത്രക്കാരനും എതിരെ നിയമനടപടിയിലേക്ക് പോകുവാൻ നിർബന്ധിതരായിരിക്കുന്നു.

ആരാണ് കുര്യാക്കോസ് എന്നതിനെക്കുറിച്ച് ഒരു അന്വേഷണം തന്നെ നടത്തേണ്ടി വന്നു. വർഷങ്ങൾക്കുമുമ്പ് ചെറിയ പരിചയം ഇദ്ദേഹവുമായിട്ട് ഉണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ ഒരു ബന്ധു ഞങ്ങളുടെ അയൽവാസിയാണ്. അന്ന് ഇദ്ദേഹത്തിന്റെ കുടുംബപ്രശ്നത്തിൽ ഒരു മധ്യസ്ഥന്റെ വേഷം എനിക്ക് കെട്ടേണ്ടി വന്നിട്ടുണ്ട്. പിന്നീട് ദീർഘവർഷങ്ങളിലേക്ക് ഇദ്ദേഹത്തെകുറിച്ച് ഒരു അറിവും ഇല്ലായിരുന്നു. പതിനെട്ട് വർഷങ്ങൾക്കിപ്പുറം ഓവർസിയർ ഇലക്ഷൻ സമയത്ത് പ്രത്യക്ഷനായ ഇദ്ദേഹം സ്വയം തന്നെപ്പറ്റി പറഞ്ഞ അറിവുകൾ മാത്രമേ എല്ലാവർക്കും ഉണ്ടായിരുന്നുള്ളൂ. അദ്ദേഹത്തിന്റെ അവകാശവാദങ്ങളും ഞങ്ങളുടെ കണ്ടെത്തലുകളുമൊക്കെ പൊതുജനത്തിന്റെ അറിവിലേക്കായി ഇവിടെ പ്രസിദ്ധീകരിക്കുകയാണ്. ഭാരതീയ ജനതാപാർട്ടിയുടെയും എൻ.ഡി.എ.യുടെയും പേര് പറഞ്ഞ് കുവൈറ്റിലും ദുബായിലും ഒക്കെ കറങ്ങിയടിക്കുകയും ഇനിയും ചില രാജ്യങ്ങളിലൂടെ യാത്രയ്ക്കായി ഒരുങ്ങുകയും ചെയ്യുന്ന കുര്യാക്കോസ് ആരാണെന്ന് എഴുന്നെള്ളിപ്പുകാർ തിരിച്ചറിയുക. അല്ലെങ്കിൽ സ്വയം പരിഹാസ്യരായിമാറും. ഒപ്പം പണനഷ്ടവും.

ഭാരതീയ ജനതാപാർട്ടിയുടെ അഖിലേന്ത്യ പ്രസിഡന്റ് ശ്രീ. അമിത് ഷായുടെ നിർദ്ദേശപ്രകാരം പാർട്ടിപ്രവർത്തനത്തിനായി അമേരിക്കയിൽ നിന്ന് അഞ്ചു വർഷത്തേക്ക് അവധിയെടുത്ത് നാട്ടിൽ വന്നിരിക്കുകയാണെന്നും പത്തനംതിട്ട ലോക്സഭാ മണ്ഡലത്തിൽ പാർട്ടിയുടെ പ്രത്യേക താല്പര്യപ്രകാരം തന്നെ സ്ഥാനാർത്ഥിയാക്കുവാനാണ് പാർട്ടിയുടെ കേന്ദ്രനേതൃത്വത്തിന്റെ തീരുമാനമെന്നും ഒക്കെയാണ് കുര്യാക്കോസ് എല്ലാവരെയും ധരിപ്പിച്ചത്. തന്റെ ഭാര്യ അമേരിക്കയിൽ ഹൂസ്റ്റൺ എന്ന സ്ഥലത്ത് നേഴ്സാണെന്നും അവിടെ രണ്ടു ക്ലീനിക്കുകൾ സ്വന്തമായി നടത്തുന്നുവെന്നും ചാരിറ്റി രംഗത്ത് പ്രവർത്തിക്കുന്ന ഒരു സംഘടനയുടെ ഹെഡ് ആണെന്നും പ്രധാനമന്ത്രി മോദിയുമായി വളരെ അടുത്തബന്ധമുണ്ടെന്നും ഒക്കെയാണ് തന്റെ രംഗപ്രവേശനസമയത്ത് താൻ അവകാശപ്പെട്ടത്. കേന്ദ്രമന്ത്രിമാരായ റൂഡി, ശ്രീമതി സുഷമ സ്വരാജ് എന്നിവരുമായുള്ള തന്റെ അടുപ്പത്തെക്കുറിച്ചും കുര്യാക്കോസ് എല്ലാവരോടും പറഞ്ഞുകൊണ്ടിരുന്നു. വിദേശത്ത് മരണപ്പെടുന്ന മലയാളികളുടെ മൃതദേഹം നാട്ടിലെത്തിക്കുവാൻ താൻ തന്റെ പ്രയത്നം കാരണമാകുന്നുവെന്നും അതിനായി ഡൽഹിയിൽ പോകാറുണ്ടെന്നും ശ്രീമതി സുഷമ സ്വരാജുമായി ചർച്ച നടത്താറുണ്ടെന്നും ഒക്കെയുള്ള തന്റെ വാചകമടിയിൽ ചർച്ച് ഓഫ് ഗോഡുകാർ പലരും വീണുപോയി. കോടികളുടെ ചാരിറ്റി പ്രവർത്തനം താൻ പത്തനംതിട്ടയിലേക്ക് നടത്തുവാൻ പോകുന്നു എന്നൊക്കെയാണ് താൻ അവകാശപ്പെട്ടത്. ചില ആഴ്ചകൾ കഴിഞ്ഞപ്പോൾ പുതിയ അവകാശവാദവുമായി താൻ രംഗത്തെത്തി. അമിത് ഷാ ജിയുടെ പ്രത്യേക നിർദ്ദേശപ്രകാരം ന്യൂനപക്ഷവിഭാഗങ്ങളെ പ്രത്യേകിച്ച് ക്രിസ്ത്യാനികളെ പാർട്ടിയിലോട്ട് അടുപ്പിക്കുവാൻ തന്നെ നിയോഗിച്ചുവെന്നും അത് പ്രകാരം പി. സി. തോമസ് വിഭാഗത്തോട് ചേർന്ന് പ്രവർത്തിക്കുകയാണ് എന്നും താൻ പറഞ്ഞു. പ്രവാസി കോൺഗ്രസിന്റെ പ്രസിഡന്റാണെന്നും കേരളാ കോൺഗ്രസ്സിന്റെ ജനറൽ സെക്രട്ടറിയാണെന്നുമൊക്കെ അവകാശപ്പെട്ട കുര്യാക്കോസ് ഇതൊക്കെ പാവങ്ങളായ ഉപദേശിമാരെയും വിശ്വാസികളെയും വിശ്വസിപ്പിക്കുവാൻ പല നമ്പറുകളും ഇറക്കി. പത്തനംതിട്ടയിലേക്ക് താമസം മാറുവാൻ പോകുന്നു എന്നും ഇനി പത്തനംതിട്ട കേന്ദ്രമാക്കി പാർട്ടിപ്രവർത്തനം ശക്തമാക്കുകയാണ് എന്നൊക്കെ താൻ പറയുക മാത്രമല്ല. വാടകവീട് എടുത്തുകൊടുക്കുവാൻ പലരോടും ആവശ്യപ്പെടുകയും ചെയ്തു. ചരൽകുന്നിൽ നടക്കുന്ന കേരളാ കോൺഗ്രസ് നേതൃത്വ ക്യാമ്പിൽ ബി. ജെ. പി. ദേശീയ പ്രസിഡന്റ് ശ്രീ. അമിത് ഷാ വരുന്നത് തനിക്കുവേണ്ടിയാണ് എന്നും വ്യാപകമായി പ്രചരിപ്പിച്ചു. രസകരമായ മറ്റൊരു സംഗതി അമിത് ഷായുടെ പ്രസംഗം പരിഭാഷപ്പെടുത്തുവാൻ വരണമെന്ന് പറഞ്ഞ് ഇരിങ്ങാലക്കുട ഡിസ്ട്രിക്ട് പാസ്റ്റർ ജോൺ ജോസഫിനെ ബുക്ക് ചെയ്യുകയും ചെയ്തു. പരിഭാഷയ്ക്കായി കാത്തിരുന്ന് മടുത്തതല്ലാതെ ക്യാമ്പിൽ അമിത് ഷാ വന്നതുമില്ല ആ ഏരിയായിൽപോലും കുര്യാക്കോസ് എത്തിയുമില്ല (ഈ വിവരം അറിഞ്ഞ കേരളാ കോൺഗ്രസ് നേതാക്കന്മാരുടെ ചിരി മനസ്സിൽ നിന്ന് മാറുന്നില്ല. കാരണം കുര്യാക്കോസിന്റെ തട്ടിപ്പിൽ പെട്ട പെന്തെക്കോസ്തുകാരോടുള്ള സഹതാപം ആ ചിരിയിലുണ്ടായിരുന്നു). മറ്റൊരു രസകരമായ കാര്യം പത്തനംതിട്ടയിൽ ശ്രീമതി സുഷമ സ്വരാജ് എത്തുമെന്നും പാസ്പോർട്ട് ഓഫീസ് ഉദ്ഘാടനം ചെയ്യുമെന്നും അത് തന്റെ അപേക്ഷ പരിഗണിച്ചാണ് ചെയ്യുന്നതെന്നുംകൂടി കുര്യാക്കോസ് പറഞ്ഞപ്പോൾ സ്വയം തല കല്ലിൽ ഇടിച്ചു ചാകട്ടെ എന്ന് തോന്നിപ്പോയി. കാരണം ഇത്രയും കല്ലുവെച്ച നുണ പറയുവാൻ ധൈര്യമുള്ളവരെ നേരിൽ കണ്ടിട്ടേയില്ലായിരുന്നു. താൻ പെന്തെക്കോസ്തുകാരുടെ രക്ഷകനായി വന്നിരിക്കുകയാണെന്നും പെന്തെക്കോസ്ത് പത്രങ്ങൾ തനിക്ക് അനുകൂലമായി എഴുതണമെന്നും ആയി അടുത്ത ആവശ്യം. അതിനുവേണ്ടി താൻ കൊണ്ടുവന്ന ഒരു ചാരിറ്റി ഓർഗനൈസേഷന്റെ പേപ്പറുകൾ ഞാൻ ആദിയോടന്തം വായിച്ചുനോക്കി. അതിലെങ്ങും കുര്യാക്കോസിന്റെ പേര് പോലും കാണാനില്ല. എന്നാൽ ആ സംഘടനയുടെ പ്രധാന ചുമതലക്കാരൻ താൻ ആണ് എന്നത്രേ കുര്യാക്കോസ് അവകാശപ്പെട്ടത്.എന്നാൽ സെക്കുലർ രാഷ്ട്രീയവുമായി ബന്ധപ്പെട്ട് സമദൂര സിദ്ധാന്തമല്ലാതെ രാഷ്ട്രീയ ചായ്വുകൾ ഒട്ടുമിക്ക പെന്തെക്കോസ്ത് പത്രങ്ങൾക്കും ഇല്ലായെന്നും ബിലീവേഴ്സ് ജേണലിൽ ഇന്റർവ്യൂ ഇടാൻ സാധ്യമല്ലെന്നും തന്നെ അറിയിച്ചപ്പോൾ എല്ലാവരെയും എന്റെ പിള്ളാർ അടിച്ച് നിരത്തുമെന്നായി ഭീഷണി.

ഓവർസിയർ ഇലക്ഷൻ സമയത്ത് സ്ഥാനാർത്ഥിയായിരുന്ന റവ. സി. സി. തോമസിനെ ബന്ധപ്പെട്ട കുര്യാക്കോസ് താൻ ന്യൂനപക്ഷ മോർച്ചയുടെ നേതാവാണെന്നും കോതമംഗലത്തുനിന്ന് മിക്കവാറും ദിവസങ്ങളിൽ തിരുവനന്തപുരത്തേക്ക് പോകാറുണ്ടെന്നും സാർ ഓവർസിയർ ആയാൽ മുളക്കുഴയിൽ കയറി ഹായ് പറയാൻ പറ്റുമല്ലോ എന്നൊക്കെ പറഞ്ഞാണ് ഇടിച്ചുകയറിയത്. ഇലക്ഷനുമായി ബന്ധപ്പെട്ട് നടന്ന മീറ്റിംഗുകളിൽ ഒന്നോ രണ്ടോ ഇടത്ത് മാത്രം കുര്യാക്കോസ് സംസാരിച്ചു. വിരലിൽ എണ്ണാവുന്ന ശുശ്രൂഷകർ മാത്രമേ കുര്യാക്കോസിന് പരിചയക്കാരായി ഈ മീറ്റിംഗുകളിലൊക്കെ ഉണ്ടായിരുന്നുള്ളൂ. താൻ ചർച്ച് ഓഫ് ഗോഡ് വണ്ണപ്പുറം ഡ്സ്ട്രിക്ട് സെക്രട്ടറിയാണ് എന്നത്രെ അന്ന് പറഞ്ഞിരുന്നത്. ഇത് ശുദ്ധഭോഷ്കായിരുന്നുവെന്ന് പിന്നീട് മനസ്സിലായി. ആരോട് സംസാരിക്കുമ്പോഴും അമിത് ഷാ ജി, കുമ്മനം ജി എന്ന് ആവർത്തിച്ചുപറയുകയും അവരുമായി തനിക്ക് അടുത്തബന്ധമാണെന്ന് അവകാശപ്പെടുകയും കേന്ദ്രത്തിൽ നിന്ന് എന്ത് കാര്യം വേണമെങ്കിലും എന്നോട് പറഞ്ഞാൽ സാധിക്കും എന്നൊക്കെ കുര്യാക്കോസ് പറഞ്ഞപ്പോൾ പാവങ്ങൾ കുറച്ചുകാലത്തേക്കെങ്കിലും ഇത് വിശ്വസിച്ചുപോയി.

കുര്യാക്കോസ് എന്ന ഈ വ്യക്തിയുടെ മറ്റൊരു മുഖത്തേക്കുറിച്ച് ബോധ്യമായ ചർച്ച് ഓഫ് ഗോഡ് നേതൃത്വം ബോധപൂർവ്വം കുര്യാക്കോസിനെ മാറ്റിനിർത്തി. ജനറൽ കൺവൻഷനിൽ സ്റ്റേജിൽ കസേര കൊടുത്തില്ല എന്ന ഒറ്റക്കാരണത്താൽ സഭാനേതൃത്വത്തെ തെറിവിളിക്കുകയും ആർ.എസ്.എസുകാരെ ഉപയോഗിച്ച് കായികമായി നേരിടും എന്നൊക്കെ കുര്യാക്കോസ് ഭീഷണിപ്പെടുത്താൻ തുടങ്ങി. മാറിമാറി വാട്സാപ്പിലും മറ്റും തന്റെ തെറിവിളിയും ഭീഷണിയും വരുവാൻ തുടങ്ങി. അതിനെതിരെ പ്രതികരിക്കാതെ സഭാനേതൃത്വം മുന്നോട്ട് പോയി. പ്രതികരണം ഇല്ലാത്തത് ബലഹീനതയായി കരുതിയ കുര്യാക്കോസ് ആവേശഭരിതനായി ഓരോരുത്തരെയായി തെറിവിളിക്കുവാൻ ആരംഭിച്ചു. ഇതിന് ഹോശന്നാ പാടുവാനും ആളും അർത്ഥവും നൽകി പ്രോത്സാഹിപ്പിക്കുവാനും ചർച്ച് ഓഫ് ഗോഡിലെ ചില സ്ഥാനമോഹികളും കസേര നഷ്ടപ്പെട്ടവരും പരാജയപ്പെട്ടവരും കൂടെക്കൂടി. മുമ്പ് പറഞ്ഞതുപോലെ ചൂടുചോറ് വാരിച്ച ചിലർ ഇരുപത്തൊന്നും നാല്പതും ദിനങ്ങൾ ഉപവസിച്ച് പാപഭാരം ഒഴിപ്പിക്കുവാൻ കിണഞ്ഞു ശ്രമിക്കുകയാണ്. ഉദ്ദിഷ്ട കാര്യത്തിന് ഉപകാരസ്മരണ എന്നപോലെ കുവൈറ്റിലേക്കും യു.എ.ഇ.യിലേക്കും കുര്യാക്കോസിനെ ചിലർ കയറ്റിയയച്ചു. അതിന്റെ ഫലം കുറെ പാവങ്ങളുടെ പണം പോയിക്കിട്ടി എന്നുമാത്രം. പലപ്രാവശ്യം നിയമനടപടിക്കായി ഒരുങ്ങിയെങ്കിലും ഇപ്പോൾ അതിനുവേണ്ടി നിർബന്ധിക്കപ്പെട്ടിരിക്കുന്നു. കുടിക്കുന്ന വെള്ളത്തിൽ മലമൂത്രവിസർജ്ജനം നടത്തുന്ന ചില തരംതാണവരുടെ സ്വഭാവമാണ് കുര്യാക്കോസ് ഇത്രയും നാളുകളായി ചെയ്തുവരുന്നത്. ഞാനും വരുന്നുവെന്ന് പറഞ്ഞ് പലരുടെയും ഒപ്പം വീടുകളിലെത്തുകയും അവിടെ നിന്ന് മൃഷ്ടാന്നഭോജനം വെട്ടിവിഴുങ്ങി വണ്ടിക്കൂലിയും വാങ്ങി പോയിട്ടാണ് നാണം ഇല്ലാതെ അവരെ കുര്യാക്കോസ് ചീത്ത വിളിക്കുന്നത്. അതുകൊണ്ട് തന്നെ ഞങ്ങൾ പാർട്ടിതലത്തിലും അല്ലാതെയും ഒക്കെ കുര്യാക്കോസിനെക്കുറിച്ച് അന്വേഷണം നടത്തുകയും പരാതി ഉത്തരവാദിത്വപ്പെട്ടവരോട് അറിയിക്കുകയും ചെയ്തു. അപ്പോഴാണ് ഈ തട്ടിപ്പിന്റെ മറ്റൊരു മുഖം ഞങ്ങൾക്ക് ബോധ്യമായത്. കേരള കോൺഗ്രസിന്റെ ഉത്തരവാദിത്വപ്പെട്ട നേതൃത്വത്തോടും ബി.ജെ.പി.യുടെ നേതൃത്വത്തോടും ഞങ്ങളുടെ പരാതി ബോധിപ്പിച്ചപ്പോൾ കുര്യാക്കോസിന്റെ അവകാശവാദങ്ങൾ വ്യാജമായിരുന്നു എന്ന് ബോധ്യമായി. ഭാരതീയ ജനതാപാർട്ടിയുടെ ആദരീണയനായ മുൻ കേരളാ സ്റ്റേറ്റ് പ്രസിഡന്റും പ്രമുഖ അഭിഭാഷകനും ആയ ശ്രീ പി. എസ്. ശ്രീധരൻപിള്ള സാർ കുര്യാക്കോസിന് അയച്ച നോട്ടീസ് ഇവിടെ ഞങ്ങൾ പ്രസിദ്ധീകരിക്കുന്നു (പേജ് 5). നിയമനടപടിയുമായി മുന്നോട്ട് പോകുവാനാണ് ഇപ്പോഴുള്ള തീരുമാനം. മുമ്പെങ്ങോ പ്രാദേശിക തലത്തിൽ മാത്രം ബി.ജെ.പിയുടെ പോഷക സംഘടനയിൽ പ്രവർത്തിച്ചു വന്നിരുന്ന കുര്യാക്കോസ് എങ്ങനെ പാർട്ടിയിൽ നിന്ന് പുറത്താക്കപ്പെട്ടു. ലോക്കൽ തലത്തിൽ തനിക്കുണ്ടായിരുന്ന പാർട്ടി ബന്ധം ദുരുപയോഗം ചെയ്തതിന് പുറത്താക്കപ്പെട്ടതാണല്ലോ. വിശദവിവരങ്ങൾ ആവശ്യമെങ്കിൽ പ്രസിദ്ധീകരിക്കാം. ഇല്ലാത്ത പദവികളും ബന്ധങ്ങളും തനിക്കുണ്ടെന്ന് സ്ഥാപിച്ച് ദൈവദാസന്മാരെയും ദൈവജനങ്ങളെയും കബളിപ്പിക്കുകയാണ് ചെയ്തുവരുന്നത്. തന്റെ ഫെയ്സ്ബുക്കിലും മറ്റും ഇടുന്ന പോസ്റ്റുകളും ഫോട്ടോകളും പൊതുജനത്തെ തെറ്റിദ്ധരിപ്പിക്കുന്നവിധമാണ്.

തന്റെ വ്യക്തിപരമായ ജീവിതത്തിലേക്കോ കുടുംബപരമായ കാര്യങ്ങളിലേക്കോ ഞങ്ങൾ കടക്കുന്നില്ല. ചിലരുടെ കോളാമ്പിയായി കുര്യാക്കോസ് ശബ്ദിക്കുമ്പോൾ ആശയപരമായ വിമർശനങ്ങളോ തെറ്റ് തിരുത്തലുകളോ അംഗീകരിക്കാം. എന്നാൽ എന്തും ആകാമെന്നുള്ള ധാർഷ്ട്യത്തിൽ പൊതു രംഗത്തില്ലാത്ത കുടുംബാംഗങ്ങളെക്കുറിച്ച് അസഭ്യവും അശ്ലീലതയും അസത്യവും പ്രചരിപ്പിക്കുമ്പോൾ അത് അംഗീകരിക്കുവാൻ കഴിയില്ല. കുര്യാക്കോസ് വ്യാജം ഇനിയും പ്രചരിപ്പിക്കുമ്പോൾ ചില യാഥാർത്ഥ്യങ്ങൾ തുടർന്ന് പറയേണ്ടി വന്നേക്കാം. റാന്നിയിൽ നിന്നോ കോന്നിയിൽ നിന്നോ പത്തനാപുരത്ത് നിന്നോ ചെങ്ങന്നൂരിൽ നിന്നോ കൂലി വാങ്ങിയിട്ടുണ്ടെങ്കിൽ കുരയ്ക്കേണ്ടത് ഞങ്ങളുടെയോ കുടുംബാംഗങ്ങളുടെയോ നേരെയല്ല. സ്റ്റേജുകളിൽ ആത്മീയം പ്രസംഗിക്കുകയും പിന്നണിയിൽ ഇരുളിന്റെ പ്രവർത്തി ചെയ്യുകയും ചെയ്യുന്നവർ അത് കൺവൻഷൻ പ്രസംഗകരായാലും തിമോഥിമാരെ സൃഷ്ടിക്കുന്നവരായാലും ന്യായവിധി ദിവസം മുമ്പിലുണ്ടെന്ന് മറക്കാതിരിക്കുക. സ്വന്തം കുടുംബത്തെയും ജീവിതത്തെയും നോക്കി മൂക്കത്ത് സ്വയം വിരൽ വച്ച് അയ്യേ എന്ന് പറയേണ്ടവരാണ് നവ അപ്പൊസ്തലന്മാരായി അവതരിക്കുന്നത്. വെടക്കാക്കി തനിക്കാക്കുന്ന രാഷ്ട്രീയ തന്ത്രം അവസാനിപ്പിക്കുക.

കുര്യാക്കോസിനോട് ഒരു വാക്ക് നിങ്ങൾ ചർച്ച് ഓഫ് ഗോഡിനെ നന്നാക്കുകയോ വളർത്തുകയോ ചെയ്യുവാൻ ശ്രമിച്ചുകൊള്ളൂ. എന്നാൽ ഇതിനുവേണ്ടി ഞങ്ങളുടെ നെഞ്ചിൽ ചുവട് വയ്ക്കണ്ട. താങ്കൾക്ക് താങ്കളുടെ വഴിയേ പോകാം. നിരപരാധികളെ വലിച്ചിഴയ്ക്കുമ്പോൾ യാഥാർത്ഥ്യങ്ങൾ വിളിച്ചുപറയേണ്ടിവരും.

ലേഖനം

# പരിസ്ഥിതി കരാറിൽ നിന്ന് അമേരിക്ക പിൻവാങ്ങുമ്പോൾ



പാസ്റ്റർ ഷൈജു തോമസ്
ഞാറയ്ക്കൽ, 9447313709

ആഗോളതാപനം കുറയ്ക്കുക പരിസ്ഥിതിയെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ 2015 ഡിസംബറിൽ അമേരിക്കൻ പ്രസിഡന്റെ ആയിരുന്ന ബറാക്ക് ഹുസൈൻ ഒബാമയുടെ നേതൃത്വത്തിൽ യു. എൻ.ഫ്രെയിം വർക്ക് കൺവെൻഷൻ ഓൺ ക്ലൈമറ്റ് ചെയിഞ്ചിലെ അംഗമായ 196 രാജ്യങ്ങൾ പാരീസ് ഉടമ്പടിയിൽ ഒപ്പ് വച്ചു. കാലാവസ്ഥാ വ്യതിയാനത്തെ സംബന്ധിക്കുന്ന ആഗോള നിയമസംഹിതയാണ് പാരീസ് ഉടമ്പടി. കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള പദ്ധതികൾ എങ്ങനെ വികസിപ്പിക്കണം എന്നത് സംബന്ധിച്ച് എല്ലാ രാജ്യങ്ങളേയും പാരീസ് ഉടമ്പടിയിൽ ചുമതലപ്പെടുത്തുന്നു. നമ്മുടെ രാജ്യം 2016 ഒക്ടോബർ 2ന് ആഗോള പാരിസ്ഥിതിക കരാർ ഇന്ത്യ ഒപ്പിട്ടതാണ്. ലോകരാജ്യങ്ങൾ ഉത്കണ്ഠാകുലമായ അവസ്ഥയിലൂടെ കടന്നു പോകുന്നതിനാൽ ഉടമ്പടിയിൽ ഒപ്പുവച്ച ഓരോ രാജ്യത്തിന്റെയും ഉത്തരവാദിത്തം വാക്കുകൾക്കും അപ്പുറം പ്രവൃത്തിയിലേയ്ക്ക് ഉയരുമെന്നതിന്റെ ലക്ഷണം ഉച്ചകോടിയിൽ പ്രകടമായിരുന്നു. കാലാവസ്ഥാ വ്യതിയാനത്തെ സംബന്ധിച്ച നവ അന്തർദേശീയ കരാർ നിലവിൽ വന്നു എന്നതാണ് കരാറിന്റെ പ്രത്യേകത. കൂടാതെ കരാറിൽ അംഗമായിരിക്കുന്ന ഓരോ രാജ്യവും ദേശീയ തലത്തിൽ ഇതിനായി നിർണ്ണയിക്കപ്പെട്ട വിഹിതം കൺവെൻഷൻ സെക്രട്ടറിയേറ്റിനെ അറിയിക്കുകയും വേണം. ചൈന, ഇന്ത്യ തുടങ്ങി ജി20 ലെ എല്ലാ രാജ്യങ്ങളും മറ്റ് നിരവധി രാജ്യങ്ങളും ഈ കരാർ പിന്നീട് അംഗീകരിക്കുകയുണ്ടായി. ആഗോള താപനില 2 ഡിഗ്രി സെന്റീഗ്രേഡിൽ താഴെ, അതായത് 1.5 ഡിഗ്രി സെന്റീഗ്രേഡിൽ പരിമിതപ്പെടുത്തുന്നതിനായി ലോകരാജ്യങ്ങൾ കരാർ അനുസരിച്ചുള്ള നയങ്ങളും മറ്റും കൊണ്ടുവന്ന് അന്തരീക്ഷത്തിലേക്കുള്ള കാർബൺ വിസർജ്ജന നിരക്ക് കുറയ്ക്കേണ്ടതായിട്ടുണ്ട്. ലോകത്തിലെ എല്ലാ രാജ്യങ്ങളിലും ഈ കരാറിന് ശേഷം വിസർജ്ജന നിരക്ക് ശരാശരി 4 മുതൽ 5 ശതമാനം വരെ കുറഞ്ഞു. ലോകരാജ്യങ്ങളിൽ 2010-15 കാലഘട്ടത്തിൽ വായു മലിനീകരണ ഫലമായി ഉണ്ടാകുന്ന മരണനിരക്ക് 10 ശതമാനം ആയിരുന്നെങ്കിൽ 2016 ഡിസംബർ ആയപ്പോഴേയ്ക്കും 16.2 ശതമാനം ആയി വർദ്ധിച്ചു. ഓരോ ദിവസം കഴിയുന്തോറും അന്തരീക്ഷ വായു അശുദ്ധമായിക്കൊണ്ടിരിക്കയാണ്. ഈ കരാറിന്റെ ലക്ഷ്യം എന്നത് 2030 ആകുമ്പോഴേക്കും കരാറിലെ ആർട്ടിക്കിൾ 2 പ്രകാരം ആഗോള താപന നിരക്ക് 2 ഡിഗ്രി സെൽഷ്യസിനു താഴെ കൊണ്ടുവരുന്നതിന് ആവശ്യമായ ഊർജ്ജനയം നടപ്പാക്കുമെന്ന് ഇതിൽ ഒപ്പിട്ട രാജ്യങ്ങൾ ഉറപ്പ് നൽകിയതാണ്. ഇതനുസരിച്ച് കഴിഞ്ഞ ഒക്ടോബർ 24ന് മൊറാക്കഷിൽ 30 ഓളം രാഷ്ട്രങ്ങൾ ചേർന്ന് ഗ്ലോബൽ സോളാർ അലയൻസിൽ ഒപ്പിടുകയും കാർബൺ പുറന്തള്ളുന്നു ഇന്ധനങ്ങളുടെ ഉപയോഗത്തിൽ സോളാർ എനർജിയേലേക്ക് മാറാൻ ആലോചിച്ചതും, എന്നാൽ കാര്യമായ പ്രവർത്തനങ്ങൾ ഒന്നും നടത്താൻ ഈ കരാറിനും കഴിഞ്ഞില്ല എന്നതാണ് സത്യം. പാരീസ് കരാറിൽ നൽകിയിട്ടുള്ള എൻഡിസി (ഓരോ രാജ്യങ്ങളും നടപ്പാക്കേണ്ട ഹരിത നയം മുൻകൂട്ടി സമർപ്പിക്കുന്ന നിർദ്ദേശം) അനുസരിച്ച് 2016-ൽ മാത്രം ഇന്ത്യ 2.5 മില്യൻ മുതൽ 3 മില്യൻ ടൺ കാർബൺ വിസർജ്ജനം കുറയ്ക്കേണ്ടതായിട്ടുണ്ട്. ഇതിനു വിപരീതമായി 2016 അവസാനമായപ്പോൾ തന്നെ 5.2 വർദ്ധനവാണ് രേഖപ്പെടുത്തിയത്. അമേരിക്കയിൽ സംഭവിച്ചത് അമേരിക്കൻ പരിസ്ഥിതി പ്രവർത്തനത്തെ മൊത്തം ഏകോപിക്കുന്ന എൻവറോൾമെന്റൽ പ്രൊട്ടക്ഷൻ ഏജൻസിക്ക് പുനരുൽപാദനമേഖലയിലേക്ക് ഫണ്ട് മാറ്റാനുള്ള അധികാരം ട്രമ്പ് എടുത്തുകളഞ്ഞു. അതിനെ തുടർന്നാണ് അമേരിക്ക പാരിസിൽ ഒപ്പിട്ട പാരിസ്ഥിതി കരാറിൽ നിന്നും ഏകപക്ഷീയമായ പിന്മാറിയത്. ജി7 അടക്കമുള്ള രാഷ്ട്രങ്ങൾ അമേരിക്ക ആഗോള കാലാവസ്ഥാ കരാറിൽ നിന്ന് പിൻവാങ്ങരുതെന്ന് നിരന്തരം ആവശ്യപ്പെട്ടിട്ടും അമേരിക്ക വഴങ്ങിയില്ല. ഈ കരാർ നിമിത്തം വ്യവസായങ്ങൾക്ക് അനുമതി ലഭിക്കുവാൻ പ്രയാസമായി വന്നു. കാരണം ഹരിതഗൃഹ വാതകൾ പുറന്തള്ളുന്നു ഇന്ധനം ഉപയോഗിക്കുന്ന വ്യവസായങ്ങൾക്ക് കരാറിൽ അംഗമായ രജ്യങ്ങൾക്ക് അനുമതി കൊടുക്കുവാൻ കഴിയാതെ വന്നു. അതാണിപ്പോൾ അമേരിക്കയുടെ പിന്മാറ്റത്തിനു കാരണം. അതിവേഗം നശിച്ചു കൊണ്ടിരിക്കുന്ന ഭൂമിയെ രക്ഷിക്കാൻ ആഗോളതാപനത്തിന്റെ കാഠിന്യം നിർദയം ഉയർന്നുകൊണ്ടിരിക്കേ മനുഷ്യരാശിയുടെ രക്ഷയ്ക്കായി ഉടമ്പടിക്കുമപ്പുറം എന്തെല്ലാം അടിയന്തരമായി ചെയ്യണമെന്ന നിലപാടായിരുന്നു ഉച്ചകോടിയിൽ പങ്കെടുത്ത ലോക നേതാക്കൾക്കുണ്ടായിരുന്നത്. ഏറ്റവും കൂടുതൽ കാർബൺ പുറത്തുവിടുന്ന കൽക്കരി, ഡീസൽ, പെട്രോൾ എന്നിവയുടെ ഉപഭോഗം കഴിയുന്നത്ര കുറയ്ക്കുക, കാലാവസ്ഥ വ്യതിയാനം നേരിടുന്നതിന് രാജ്യങ്ങൾ കൂടുതൽ പണം ചെലവിടുക, ഓരോ വർഷം കൂടുമ്പോഴും രാജ്യങ്ങൾ കൈക്കൊണ്ട നടപടികൾ വിലയിരുത്തുക തുടങ്ങിയവയാണ് കരാറിലെ വ്യവസ്ഥകൾ.സർവകാല റെക്കോർഡിലേയ്ക്ക് ആഗോളതാപനവും സമുദ്രത്തിലെ ജലനിരപ്പും ഉയരുകയും ഹിമാനികൾ ഉരുകിയൊലിക്കുകയും ചെയ്യുന്നു. ഇതിനറുതി വരുത്താൻ ഈ കരാറുകൾക്ക് കഴിയുമോ കാത്തിരുന്ന് കാണം. ഇതെല്ലാം വിശുദ്ധവേദപുസ്തകം വെളിപ്പാട് പുസ്തകത്തിലൂടെ മുൻകൂട്ടി പ്രവചിച്ച പ്രവനങ്ങളുടെ നിവൃത്തീകരണമാണ്. അത് സംഭവിച്ചേ മതിയാകു. അതിനെതിരായി ലോകനേതാക്കന്മാർ ചേർന്ന് ഏതൊക്കെ കരാർ ഉണ്ടാക്കിയാലും ഫലവത്താകില്ല.

## എവൈക്ക് 2017 ടൊറന്റോ

**ടൊറന്റോ:** കാനഡ സ്പിരിചൽ യൂത്ത് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ "ഐവൈക്ക് 2017 ടൊറന്റോ" ജൂലൈ 28,29 തീയതികളിൽ എറ്റോബികോക്കിലുള്ള എബണ്ടന്റ് ലൈഫ് ക്രിസ്ത്യൻ അസംബ്ലി, 145, ഡിക്സൺ റോഡിൽ നടത്തപ്പെടും. 28-നു വെള്ളിയാഴ്ച വൈകിട്ട് .30നും ശനിയാഴ്ച രാവിലെ 10നും വൈകിട്ട് 7 മണിക്കുമാണ് പ്രധാന മീറ്റിംഗുകൾ. മീറ്റിംഗുകളിൽ ടൊറന്റോയിലെ പ്രമുഖ സംഗീത ഗ്രൂപ്പായ ഇൻസ്പിരേഷൻ ബാന്റും പാസ്റ്റർ ചാരി സാം ബാബുവും സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നല്കും. ജൂലൈ 29നു ശനിയാഴ്ച രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ 15 വയസ്സിനു താഴെയുള്ള കുട്ടികൾക്കായി തിമോത്തി ഇൻസ്റ്റിറ്റ്യൂട്ട് കാനഡ ഒരുക്കുന്ന കിഡ്സ് ഫെസ്റ്റും ഈ സമ്മേളനത്തിന്റെ പ്രത്യേകതയാണ്. കാനഡയിലെ വിവിധ പ്രവിശ്യകളിലുള്ള മുപ്പതിൽപ്പരം ചർച്ചുകളിലെ യുവജനങ്ങളുടെ കൂട്ടായ്മയാണ് കാനഡ സ്പിരിചൽ യൂത്ത് ഗ്രൂപ്പ്.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: സാം പടിഞ്ഞാറേക്കര 905 516 2345, ഷാരോൺ മാത്യു 647-764-9518, ബിമൽ റോയി കാവാലം (647 786 9660).



*P S SREEDHARAN PILLAI
ADVOCATE

M/s. P S Sreedharan Pillai & Associates
3rd Floor, Metro Plaza
Market Road (North Side)
Near High Court, Kochi - 682 018
Ph : 0484 - 2394222
Telefax : 0484 2394222

Date : 26.06.2017

To

Shri. Kuriakose T.K
Thalaicharayil House,
Unnukal P.O,
Ernakulam.

**Sub: Lawyer Notice**

Sir,

On behalf of Kerala State branch of Church of God (Full Gospel) in India (hereinafter, referred to as "Church of God"), the following notice is hereby issued to you for your strict compliance:

It has come to notice that you have been circulating scandalous, false and malicious falsehoods and mistruths against the Kerala State leadership of the Church of God. You have falsely claimed to be an office bearer of BJP/ its affiliated organisations and official nominee of the National Democratic Alliance in Kerala; and under guise of such false claims, you have approached the State leadership of Church of God with several unacceptable demands. Because of your false claims and doubtful integrity, the organisation has always distanced itself from you and your alleged activities. However, since the Organisation has refused to dance to your tunes, you have been deliberately and maliciously publishing, circulating and propagating false, scandalous, defamatory and abusive contents through WhatsApp and other social media platforms against its religious leaders, with the oblique motive to wreck vengeance and malign Church of God in Kerala and its office bearers including overseer

Your illegal and wrongful actions have caused severe damage, loss and prejudice to Church of God, including its office bearers and members of its leadership. You are therefore hereby called upon to forthwith stop, cease and desist from indulging, promoting, participating or in any manner causing or publishing any such false, scandalous, defamatory or abusive contents through any medium including WhatsApp or other social media against the Church of God or its leadership or office bearers. Your acts amounts to misuse of social media besides heinous crime and *per se* actionable.

You are hereby put on notice that in the event you fail to comply with this notice, or continue with your illegal and wrongful actions, then appropriate criminal and civil proceedings shall be instituted against you in the competent criminal and civil courts in addition to police and for which you and your assets will be held liable.

Yours sincerely

P.S Sreedharan Pillai, Advocate

Calicut Office : 'Pranavam' Thiruthiyad, Calicut - 4, Phone : 0495 2771248 Fax : 0495 2770444
e-mail : psspillai@yahoo.in

* Former Senior Central Govt. Standing Counsel } High Court of Kerala
Former Standing Counsel for C.B.I.

ചോദ്യോത്തരവേദി

# വിശ്വാസിയുടെയും അവിശ്വാസിയുടെയും ഏറ്റവും വലിയ പാപം



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

**ചോദ്യം:** പാപം പല തട്ടിൽ കിടക്കുന്നു. ചെറുതും വലുതുമായ പാപങ്ങൾ. അവിശ്വാസിയുടെയും വിശ്വാസിയുടെയും ഏറ്റവും വലിയ പാപം എന്താണ്?

– ജിജോ മൂഴിയ്ക്കൽ

**ഉത്തരം:** ചരിത്രപുരുഷനായ യേശുവിനെ മനസ്സിലാക്കിയിട്ടും, പഠിച്ചിട്ടും, ദൈവപുത്രനായി, **ദൈവമായി** ഹൃദയത്തിൽ അംഗീകരിക്കാൻ സാധിക്കാഞ്ഞതാണ് ഒരവിശ്വാസിയുടെ ഏറ്റവും വലിയ പാപം.

യേശു വാഗ്ദാനം ചെയ്ത **സമൃദ്ധമായ ജീവൻ** അനുഭവിക്കാൻ സാധിക്കാതെ പോകുന്നതാണ് വിശ്വാസിയുടെ ഏറ്റവും വലിയ പാപം. ആത്മാവും ജീവനുമായ വചനം ഇപ്രകാരം രേഖപ്പെടുത്തുന്നു: 'നിങ്ങളിൽ വസിക്കുന്ന പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്' (എഫെസ്യർ 4:30). ദുഃഖിപ്പിക്കുക എന്നുള്ളത് സ്നേഹവുമായി ബന്ധമുള്ള ഒരു വാക്കാണ്. സ്നേഹിക്കുന്നവർക്ക് മാത്രമേ ദുഃഖിപ്പിക്കുവാൻ സാധിക്കുകയുള്ളു. നമ്മളുമായി ബന്ധമില്ലാത്ത ഒരാളുടെ മനസ്സിന് മുറിവേൽപ്പിക്കാം കോപിപ്പിക്കാം പക്ഷെ ദുഃഖിപ്പിക്കുവാൻ സാധിക്കുകയില്ല. പരിശുദ്ധാത്മാവാം ദൈവം സ്നേഹമുള്ള, മൃദുലഹൃദയമുള്ള, സൂക്ഷ്മവേദിയായ, വിഷയഗ്രഹണ സമർത്ഥമായ വ്യക്തിത്വത്തിനുടമയാണ്. നമ്മളെ സ്നേഹിക്കുന്ന, നമ്മളിൽ വസിക്കുന്ന പരിശുദ്ധാത്മാവിനെ നമ്മൾ ദുഃഖിപ്പിക്കുന്നുണ്ടോ എന്ന് എങ്ങനെയാണ് അറിയുക? പരിശുദ്ധാത്മാവിന്റെ സ്വഭാവം വെളിപ്പെടുത്തുന്ന പേരുകളിലൂടെയാണ് അറിയുക.

**1) പരിശുദ്ധാത്മാവ് സത്യത്തിന്റെ ആത്മാവാണ് (യോഹന്നാൻ 4:17)**

വിശ്വാസിയിലുള്ള വ്യാജം, കപടത, തട്ടിപ്പും വെട്ടിപ്പും എല്ലാം അവനിലുള്ള സത്യത്തിന്റെ ആത്മാവിനെ ദുഃഖിപ്പിക്കുന്നു. അതെല്ലാം ഏറ്റുപറഞ്ഞ് ഉപേക്ഷിക്കാതെ നിറപ്പാകാതെ സത്യത്തിന്റെ ആത്മാവിനാൽ നിറഞ്ഞ് സമൃദ്ധിയായ ജീവൻ അനുഭവിക്കാൻ ശ്രമിക്കരുത്.

**2) പരിശുദ്ധാത്മാവ് വിശ്വാസത്തിന്റെ ആത്മാവാണ് (2 കൊരി. 4:13)**

കർത്താവിൽ ആശ്രയിക്കുന്ന വ്യക്തി തന്റെ ആരോഗ്യത്തെയോ തൊഴിലിനെയോ കുടുംബത്തെയോ മറ്റെന്തിനെക്കുറിച്ചോ ഉൽക്കണ്ഠപ്പെടുന്നുവെങ്കിൽ വ്യാകുലപ്പെടുന്നുണ്ടെങ്കിൽ കർത്താവിലുള്ള വിശ്വാസക്കുറവിനെ കാണിക്കുന്നു. വിശ്വാസക്കുറവ് വിശ്വാസത്തിന്റെ ആത്മാവിനെ ദുഃഖിപ്പിക്കുന്നു.

**3) പരിശുദ്ധാത്മാവ് കൃപയുടെ ആത്മാവാണ് (എബ്രായർ 10:29)**

നമ്മുടെ ഹൃദയം കഠിനപ്പെടുന്നുവെങ്കിൽ, കയ്പുണ്ടെങ്കിൽ, നന്ദിയില്ലായ്മയുണ്ടെങ്കിൽ, ക്ഷമിക്കാൻ സാധിക്കുന്നില്ലെങ്കിൽ കൃപയുടെ ആത്മാവിനെ ദുഃഖിപ്പിക്കുന്നു. ദൈവത്തോടോ മനുഷ്യരോടോ നമുക്ക് കൈപ്പ് അനുഭവപ്പെടുന്നുണ്ടോ? നമ്മുടെ സാഹചര്യങ്ങളെ ഓർത്ത് നാം പിറുപിറുക്കയാണോ? എങ്കിൽ **കൃപയുടെ ആത്മാവിനാൽ** നിറയ്ക്കാൻ നാം പ്രാർത്ഥിക്കരുത്.

**4) പരിശുദ്ധാത്മാവ് വിശുദ്ധിയുടെ ആത്മാവാണ് (റോമർ 1:4)**

ചീത്തയായ സന്ദേശങ്ങളും കഥകളും നാം കാണുന്നുണ്ടോ വായിക്കുന്നുണ്ടോ? നല്ലതല്ലാത്ത ചിന്തകൾ നാം താലോലിക്കുന്നുവോ? എങ്കിൽ വിശുദ്ധിയുടെ ആത്മാവിനെ ദുഃഖിപ്പിക്കുകയാണ്. ആ അവസ്ഥയിൽ സഭായോഗത്തിലിരുന്ന് കൈക്കൊട്ടിപ്പാടി വിശുദ്ധിയുടെ ആത്മാവിനാൽ നിറയ്ക്കണമെന്ന് അപേക്ഷിക്കരുത്.

**5) പരിശുദ്ധാത്മാവ് ജ്ഞാനത്തിന്റെ ആത്മാവാണ് (എഫെസ്യർ 1:17)**

അറിയേണ്ട കാര്യങ്ങൾ അറിയാതിരിക്കുന്നത്, അറിവില്ലെങ്കിലും അറിവുണ്ടെന്ന് ധരിക്കുന്നത്, അമിതാവേശം മുതലായവ ജ്ഞാനത്തിന്റെ ആത്മാവിനെ ദുഃഖിപ്പിക്കുന്നു. വചനത്തിലുള്ള അറിവില്ലായ്മ, നമ്മുടെ പരിമിതമായ അറിവിലും കഴിവിലുമുള്ള അഹങ്കാരം, നമ്മുടെ മൂഢത ഇവയെല്ലാം ജ്ഞാനത്തിന്റെ ആത്മാവിനെ ദുഃഖിപ്പിക്കുന്നു. ഈ മനോഭാവത്തിൽ മാറ്റം വരുന്നില്ലായെങ്കിൽ ജ്ഞാനത്തിന്റെ ആത്മാവിനാൽ നിറയപ്പെടാൻ പ്രാർത്ഥിക്കരുത്.

**6) സ്നേഹത്തിന്റെയും, ശക്തിയുടെയും ആത്മനിയന്ത്രണത്തിന്റെയും ആത്മാവാണ് പരിശുദ്ധാത്മാവ് (2 തിമൊ. 1:7)**

നമ്മുടെ ബലമില്ലായ്മ, ഫലമില്ലായ്മ, കൃത്യതയില്ലായ്മ, നിയന്ത്രണമില്ലായ്മ ഇവയെല്ലാം പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നു. ഇതൊന്നുമില്ലാതെ മറ്റുള്ളവർ നമ്മിലൂടെ ക്രിസ്തുവിനെ അറിയണമെന്ന് ആഗ്രഹിക്കരുത്, ആത്മാവിനാൽ നിറയപ്പെടാൻ പ്രാർത്ഥിക്കരുത്.

**7) പരിശുദ്ധാത്മാവ് ജീവന്റെ ആത്മാവാണ് (റോമർ 8:2)**

നാം സ്വയം ഉല്പാദിപ്പിക്കുന്ന മന്ദത, ശീതവാനും ഉഷ്ണവാനുമല്ലാത്ത അവസ്ഥ, അശ്രദ്ധ ഇവയെല്ലാം നമ്മിലുള്ള പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നു. വചനം വായിച്ചു മനസ്സിലാക്കാനുള്ള താല്പര്യമില്ലായ്മയില്ലാണെങ്കിൽ, ശുദ്ധഹൃദയത്തോടെ കർത്താവിനെ വിളിച്ചപേക്ഷിക്കുന്നവരുമായി കൂട്ടായ്മ ആചരിക്കുന്നതിൽ താല്പര്യമില്ലെങ്കിൽ, ജീവന്റെ ആത്മാവിനാൽ നിറയപ്പെടാൻ പ്രാർത്ഥിക്കരുത്.

**8) പരിശുദ്ധാത്മാവ് മഹത്വത്തിന്റെ ആത്മാവാണ് (1 പത്രോസ് 4:14)**

ആഴമേറിയ ദൈവീക കാര്യങ്ങളേക്കാൾ നമ്മെ സന്തോഷിപ്പിക്കുന്നത് ലോകത്തിലെ സന്തോഷങ്ങളാണോ? എങ്കിൽ നാം മഹത്വത്തിന്റെ ആത്മാവിനെ ദുഃഖിപ്പിക്കുകയാണ്. മഹത്വത്തിന്റെ ആത്മാവ് നമ്മിൽ വസിക്കുന്നത് കർത്താവിനെപ്പോലെ നമ്മെ അനുരൂപമാക്കുവാൻ വേണ്ടിയാണ്. ആ ഉദ്ദേശത്തിനെതിരായിട്ടുള്ള നമ്മുടെ ഏതു മനോഭാവവും നമ്മിൽ വസിക്കുന്ന ദൈവാത്മാവിനെ ദുഃഖിപ്പിക്കുന്നു.

**9) ആത്മാവിനെ കെടുത്തരുത് (1 തെസ്സ. 5: 19)**

ലോകകാര്യങ്ങളിൽ നാം മുഴുകുമ്പോൾ, നമ്മുടെ ശരീരത്തിന്റെ ആഗ്രഹങ്ങൾ മാത്രം ചിന്തിക്കുമ്പോൾ, സാത്താന്റെ പ്രലോഭനങ്ങളിൽ നാം ആകൃഷ്ടരായി ജീവിക്കുമ്പോൾ നാം നമ്മിലുള്ള പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നു. നമ്മെ വിശുദ്ധിയിലേക്കും കർത്താവിന്റെ സേവനങ്ങളിലേക്കും വിളിക്കുമ്പോൾ, അതിനെതിരെ നാം മുഖം തിരിക്കുമ്പോൾ നാം പരിശുദ്ധാത്മാവിനെ കെടുത്തിക്കളയുന്നു. ആദാമിന്റെ സന്തതികളായ നാം അത്രയെളുപ്പമൊന്നും ദൈവാത്മാവിന്റെ ഹിതത്തിന് വഴങ്ങുന്നവരല്ല. ഏതു സമയത്തും, എന്തു വില കൊടുത്താലും, വചനത്തിന് കീഴ്പ്പെടുകയാണ് ദൈവാത്മാവിനെ സന്തോഷിപ്പിക്കാനുള്ള ഏകമാർഗ്ഗം. നമ്മുടെ ആലോചനകളും നിരൂപണങ്ങളും ആഗ്രഹങ്ങളും പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നവയാണെങ്കിൽ അത് ഏറ്റുപറയുകയാണ് മൃദുലഹൃദയമുള്ള പരിശുദ്ധാത്മാവിനെ സന്തോഷിക്കുന്നതിനുള്ള ഏകമാർഗ്ഗം. 'നമ്മുടെ ചിന്തകളിലും ആഗ്രഹങ്ങളിലും നിരൂപണങ്ങളിലും ആലോചനകളിലും നമ്മിൽ പാപം ഇല്ല എന്നു നാം പറയുന്നുവെങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതായി. നമ്മുടെ പാപങ്ങൾ ഏറ്റുപറയുന്നുവെങ്കിൽ അവൻ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു. നാം പാപം ചെയ്തിട്ടില്ല എന്നു പറയുന്നുവെങ്കിൽ ദൈവത്തെ നാം അസത്യവാദിയാക്കുന്നു; അവന്റെ വചനം നമ്മിൽ ഇല്ല' (1 യോഹ. 1:8–10)

ദൈവത്തെ ദുഃഖിപ്പിച്ചതുകൂടാതെ മറ്റുള്ളവരോട് ചെയ്ത തെറ്റുകളും ക്ഷമിക്കപ്പെടേണ്ടതുണ്ട്. ചെയ്ത തെറ്റ് വ്യക്തിപരമാണെങ്കിൽ, ആ വ്യക്തിയോട് നിരപ്പാകുക. പരസ്യമായ തെറ്റാണെങ്കിൽ, പരസ്യമായി തെറ്റ് ഏറ്റു പറയുക (യാക്കോബ് 5: 14–17). ഇതിന് അനുദിനമാനസാന്തരം എന്നും പറയും. **അനുദിനമാനസാന്തരമില്ലാതെ ആത്മാവിലുള്ള ജീവിതമില്ല, ആത്മനിറവുമില്ല.** ഇത് ചെയ്യാതെ ഇതിന് പകരമായി ഉറക്കെ പ്രസംഗിച്ചതുകൊണ്ടോ, അലറി പ്രാർത്ഥിച്ചതുകൊണ്ടോ, തമ്പേറടിച്ചതുകൊണ്ടോ, മൈക്കിൽകൂടി അന്യഭാഷ പറഞ്ഞ് ശബ്ദമലിനീകരണം നടത്തിയതുകൊണ്ടോ തൂവെള്ള വസ്ത്രം ധരിച്ചതുകൊണ്ടോ, സർവ്വശക്തനും സർവ്വവ്യാപിയും സർവ്വജ്ഞാനിയുമായ ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധിക്കുകയില്ല.

ജോ തോമസ് പത്തനാപുരം

# വ്യസനിപ്പിക്കുന്ന ആശ്വാസകന്മാർ!!!



"**ചങ്ക്**" എന്നൊരു പദം ആധുനിക തലമുറ തങ്ങളുടെ ആത്മാർത്ഥസുഹൃത്തുക്കളെ അഭിസംബോധന ചെയ്യുവാൻ സർവ്വസാധാരണമായി ഉപയോഗിച്ചുവരുന്നു. പറിച്ചു കളയാൻ കഴിയാത്ത ഒന്ന് എന്ന അർത്ഥത്തിൽ ആണ് അത് ഉപയോഗിക്കുന്നതെന്ന് അനുമാനിക്കാം. എന്നാൽ മാനുഷിക ബന്ധങ്ങൾ നൈമിഷികങ്ങളാണ് എന്നുള്ള യാഥാർത്ഥ്യം പലപ്പോഴും വിസ്മരിക്കപ്പെടുന്നു. വലിയബന്ധങ്ങളെന്നു നാം കരുതുന്നവ പോലും കുടി വന്നാൽ കല്ലറയുടെ കവാടം കൊണ്ട് അവസാനിക്കും. കുഴിമാടത്തിന്റെ വാതിൽ കൺമുമ്പിൽ അടയുന്ന നിമിഷം മുതൽ മറ്റൊരു വാതായനം വിസ്മൃതിയിലേക്ക് തുറക്കുകയായി. ചെറുപ്രായത്തിൽ കൂടെ ഉണ്ടായിരുന്ന സുഹൃത്തുക്കളിൽ പലരും ഇന്ന് എവിടെയെന്നുപോലും അറിയില്ല. അഥവാ ഇനി വീണ്ടും ഒന്നു കണ്ടുമുട്ടിയാൽപോലും പഴയ ഊഷ്മളതയിലേക്ക് തിരികെപ്പോകാനും അവരുടെ ഇന്നത്തെ സാഹചര്യങ്ങൾ അനുവദിക്കുകയുമില്ല. ഗൃഹാതുരത്വം തുളുമ്പുന്ന ചില ഓർമ്മകൾ പങ്കുവച്ച് വീണ്ടും അവർ ഔദ്യോഗികതയിലേക്ക് മടങ്ങും. പ്രതികൂലസാഹചര്യങ്ങളിൽ കൂടെ നിൽക്കുമെന്ന് കരുതുന്നവർ പോലും മാറി നിന്ന് ദോഷം നിരൂപിക്കുന്ന കാഴ്ചകൾ നാം എത്രയോ കണ്ടിരിക്കുന്നു. കേവലം ചില ധാരണകളുടെ അടിസ്ഥാനത്തിൽ മാത്രം കെട്ടിപ്പടുക്കുന്ന പരിധികളുള്ള ബന്ധങ്ങൾ!!! തന്റെ കൂട്ടുകാരനുവേണ്ടി ജീവൻ നൽകുന്നതിൽ അധികം സ്നേഹം ഇല്ലെന്നു വചനം പറയുന്നു. സാഹചര്യങ്ങൾ അനുകൂലമായിരുന്ന കാലത്ത് സുഹൃത്ത്ബന്ധങ്ങളുടെ സമ്പന്നതയുണ്ടായിരുന്ന വ്യക്തിയായിരുന്നു ഇയ്യോബ്. എന്നാൽ ജീവിതത്തിലെ കഠിനശോധന വേളയിൽ അവർ പരിണമിച്ചത് 'വ്യസനിപ്പിക്കുന്ന ആശ്വാസകന്മാർ' (ഇയ്യോബ് 16:2) എന്ന വേഷത്തിലായിരുന്നു. വാക്കുകൾ കൊണ്ട് സ്നേഹിക്കുന്നവർ നമുക്ക് ചുറ്റും അനേകർ ഉണ്ടാവാം. ശാശ്വതമല്ലാത്ത ഒന്നിൽ ആശ്രയമോ സന്തോഷമോ കണ്ടെത്തിയാൽ സന്താപം വഴിമാറി യാത്രചെയ്യില്ല. ജീവൻ നഷ്ടപ്പെടുമോ എന്ന സംശയത്തിൽ അരുമനാഥനെ തള്ളിപ്പറഞ്ഞ പത്രോസ് മറ്റൊരുദാഹരണമാണ്. തന്റെ കൂട്ടുകാരനുവേണ്ടി ജീവൻനൽകുന്നതിനേക്കാൾ വലിയ സ്നേഹം മറ്റൊന്ന് ഇല്ലെന്ന് വചനം പറയുന്നു. കേവലം നൈമിഷിക നന്മയ്ക്കുവേണ്ടി കൂടെ നിന്ന മാനവൻ മനുഷ്യപുത്രനെ ഒറ്റിക്കൊടുത്തു. ഇന്നും അതിനു മാറ്റം സംഭവിച്ചിട്ടില്ല. നിത്യമായ ഒരു സ്നേഹത്തെ ദർശിക്കാൻ നമ്മുടെ നയനങ്ങൾ കാൽവറിയുടെ ഉത്തുംഗതയിലേക്ക് ഉയരട്ടെ. നിത്യമായ സ്നേഹത്തിന്റെ ഉദാത്തമാതൃക മരക്കുരിശിൽ കൈകാൽകൾ വിരിച്ചു. എനിക്കും നിനക്കും പകരമായി അവൻ ക്രൂരന്മാരാൽ അടികൾ ഏറ്റുവാങ്ങി....ആ സ്നേഹത്തെ നമ്മുടെ നെഞ്ചോട് ചേർക്കാം. അവൻ നമ്മോടു പറയുന്നു "ഞാൻ നിന്നെ ഒരുനാളും കൈവിടുകയുമില്ല ഉപേക്ഷിക്കുകയുമില്ല" (എബ്രായർ 13:5)!!!

## 01 പി.വൈ.പി.എ. മലബാർ...

ഭാരവാഹികൾ: സാം കൊണ്ടാഴി-മലപ്പുറം (പ്രസിഡന്റ്), പാസ്റ്റർ ജോജി എബ്രഹാം-മലപ്പുറം, പാസ്റ്റർ ജോൺസൺ കുര്യൻ-കണ്ണൂർ (വൈ. പ്രസിഡന്റുമാർ), പാസ്റ്റർ ജോബിൻ കെ. ജോൺ വയനാട് (സെക്രട്ടറി), രൂപേഷ് മാത്യു -കോഴിക്കോട്, പാസ്റ്റർ ജയിംസ് വറുഗീസ്-പാലക്കാട് (ജോ. സെക്രട്ടറിമാർ), സന്ദീപ് വിളമ്പുക്കണ്ടം-വയനാട് (ട്രഷറാർ), പാസ്റ്റർ പ്രയ്സൺ മാത്യു-മലപ്പുറം, പാസ്റ്റർ സുനിൽ ബാബു- കോഴിക്കോട്, ജോനാഥാൻ പ്രയ്സ്-വയനാട്, പാസ്റ്റർ അനീഷ് വൽസൺ-കണ്ണൂർ, പാസ്റ്റർ ശ്യാം രാജ് - കാസർഗോഡ് (കമ്മറ്റി അംഗങ്ങൾ). പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള മലബാർ മേഖലയിൽ 450 ലോക്കൽ, 32 സെന്റർ, 5 സോണൽ പി. വൈ. പി.എ. കമ്മറ്റികൾ സജീവമായി പ്രവർത്തിക്കുന്നു.

## 01 മലയാളി പെന്തെക്കോസ്ത് ...

ഡ്ന്യൂസ് സ്ഥാപക ചെയർമാൻ പരേതനായ വി. എം. മാത്യു സാറിന്റെ മകനുമാണ്. 1998 അമേരിക്കയിൽ എത്തിയ ബ്രദർ വെസ്ലി മാത്യു 34-ാമത് ഡാളസ് പി.സി.എൻ.എ.കെ കോൺഫറൻസിന്റെ ലോക്കൽ കോർഡിനേറ്ററായിരുന്നു. ഐ.പി.സി. മിഡ്‌വെസ്റ്റ് റീജിയൻ കൗൺസിൽ അംഗം, പബ്ലിസിറ്റി കൺവീനർ, ശാലേം ട്രാക്റ്റ് സൊസൈറ്റി വൈസ് പ്രസിഡന്റ്, പവർവിഷൻ യു. എസ്. എ. പ്രസിഡന്റ്, പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യ വൈസ് പ്രസിഡന്റ് തുടങ്ങിയ നിലകളിൽ സേവനം അനുഷ്ഠിക്കുന്നു. ഭാര്യ: പ്രിയ വെസ്ലി. മക്കൾ: അഞ്ജലീന മാത്യു, ആൻഡ്രു മാത്യു.

നാഷണൽ ട്രഷററായി തിരഞ്ഞെടുക്കപ്പെട്ട ബാബുക്കുട്ടി ജോർജ്ജുകുട്ടി ഫിലദെൽഫിയ എബനേസർ ചർച്ച് ഓഫ് ഗോഡ് സഭാംഗമാണ്. 1990 അമേരിക്കയിൽ എത്തി. വിവിധ പെന്തെക്കോസ്ത് കോൺഫറൻസുകളിൽ ലോക്കൽ, നാഷണൽ തലത്തിൽ പ്രവർത്തിച്ചിട്ടുണ്ട്. സാമൂഹിക സാംസ്കാരിക ജീവകാരുണ്യ പ്രവർത്തനങ്ങളിൽ വിവിധ നിലകളിൽ സഹകരിക്കുന്ന ബാബുക്കുട്ടി തേവലക്കര സ്വദേശിയാണ്. ഭാര്യ: മോളിക്കുട്ടി, മക്കൾ: ബോബൻ ബാബു, ബ്ലസി ബാബു, ബിൻസി ബാബു.

നാഷണൽ യൂത്ത് കോർഡിനേറ്റർ ബ്രദർ ഷോണി തോമസ് ഡാളസ് കാൽവറി പെന്തെക്കോസ്ത് സഭാംഗവും ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയുടെ സീനിയർ ശുശ്രൂഷകനും മുൻ സംസ്ഥാന സെക്രട്ടറിയുമായ പാസ്റ്റർ ഫിലിപ്പ് പി. തോമസിന്റെ മകനുമാണ്. ഡാളസ് പി.വൈ.സി.ഡി. കോർഡിനേറ്റർ, മിഡ്‌വെസ്റ്റ് റീജിയൻ പി.വൈ.പി.എ. ട്രഷറാർ തുടങ്ങിയ നിലകളിൽ ബ്രദർ ഷോണി തോമസ് പ്രവർത്തിക്കുന്നു. യുവജന പ്രവർത്തകനും സംഘാടകനുമാണ്. ഭാര്യ: സ്റ്റെഫിൻ ഷോണി.

നാഷണൽ എക്സിക്യൂട്ടീവ് കമ്മറ്റിയിൽ പ്രയർ കോർഡിനേറ്ററായി ജോർജിയ ഫുൾ ഗോസ്പൽ അസംബ്ലി സഭയുടെ ശുശ്രൂഷകൻ പാസ്റ്റർ റെജി ശാമുവേലും, മീഡിയ കോർഡിനേറ്ററായി ഒലാന്റോ ഐ.പി.സി. സഭാംഗവും നോർത്തമേരിക്കൻ പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം ജനറൽ സെക്രട്ടറിയുമായ നിബു വെള്ളവന്താനവും തിരഞ്ഞെടുക്കപ്പെട്ടു. 2019-ലെ പി.സി.എൻ.എ.കെ. കോൺഫറൻസ് സൗത്ത് ഫ്ളോറിഡയിലെ മയാമിയിൽ പാസ്റ്റർ കെ. സി. ജോണിന്റെ നേതൃത്വത്തിൽ നടക്കും.

# നിത്യതയിൽ



**മത്തായി (തങ്കച്ചൻ 80)**

**ന്യൂയോർക്ക്:** മാരാമൺ പീടികയിൽ മത്തായി (തങ്കച്ചൻ 80) ന്യൂയോർക്കിൽ നിത്യതയിൽ. ഭാര്യ വല്ലായ്നിക്കുഴിയിൽ തടത്തിൽ അന്നമ്മ മത്തായി (പൊന്നമ്മ). മക്കൾ സുജ, മിനി, ജെസ്സി, അജിത്, സുജിത്. മരുമക്കൾ: ഡോക്ടർ തോമസ് ഇടിക്കുള, മാത്യു റ്റോംസ്, ഡോക്ടർ ലെസ്ലി വർഗീസ്, ക്രിസ്റ്റി മാത്യു, ഗ്രേസ് മാത്യു. സംസ്കാരം നടത്തി.

## 01 ചർച്ച് ഓഫ് ഗോഡ്...

അംഗമായി പ്രവർത്തിച്ചിട്ടുണ്ട്.

ജനറൽ സെക്രട്ടറിയായി നിയമിതനായ ബ്രദർ ജോസഫ് മറ്റത്തുകാല ഐരാണിക്കുടി സഭാംഗവും, 11 വർഷമായി ചെങ്ങന്നൂർ ഡിസ്ട്രിക്ട് സെക്രട്ടറിയുമാണ്. 1993 മുതൽ സജീവമായ കേരളത്തിൽ സഭാ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു. ദൈവസഭയുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ശക്തനായ ഒരു അത്മായ നേതാവാണ് ഇദ്ദേഹം. 1993-ൽ വൈ.പി.ഇ. സ്റ്റേറ്റ് ബോർഡ് മെമ്പറായി, 1994 മുതൽ വൈ. പി. ഇ. സ്റ്റേറ്റ് സെക്രട്ടറിയായി 8 വർഷം പ്രവർത്തിച്ചു. 2003 ആദ്യമായി കേരളാ സ്റ്റേറ്റ് ബോർഡ് സെക്രട്ടറിയായി 8 വർഷം പ്രവർത്തിച്ചു. സഭയുടെ വിഭജന കാലഘട്ടത്തിൽ ഐക്യത്തിനായി ശക്തമായി നിലകൊണ്ടു. മികച്ച സംഘാടകനായ ഇദ്ദേഹം ആർ. എഫ്. സി. സി.യുടെ സംഘാടകരിൽ ഒരാളായിരുന്നു. അത്മായ നേതൃത്വത്തിന് ചർച്ച് ഓഫ് ഗോഡ് വേൾഡ് മിഷൻ നല്കുന്ന പരമോന്നത ബഹുമതിയായ "ഹാൾ ഓഫ് എക്സലൻസി" അവാർഡ് നേടിയിട്ടുണ്ട്. ജോജോ ഫ്യൂവൽസ്, മറ്റത്തുകാല ഏജൻസീസ്, ജോജോ ആൻഡ് ജിജോ സർവ്വീസ് സ്റ്റേഷൻ, ജോജോ എഡ്യൂക്കേഷൻ കൺസൾട്ടൻസി എന്നി ബിസിനസ്സ് സ്ഥാപനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു. ജോസ്കോ ഹോസ്പിറ്റൽ എം.ഡി. ജോസ് കോശി ജോർജ്ജ് സഹോദരനാണ്. ജോയിന്റ് സെക്രട്ടറിയായി നിയമിതനായ ബ്രദർ അജി കുളങ്ങര വൈ.പി.ഇ.യുടെ മുൻ സ്റ്റേറ്റ് സെക്രട്ടറിയായും സ്റ്റേറ്റ് ബോർഡ് മെമ്പറായും പ്രവർത്തിച്ചിട്ടുണ്ട്. ട്രഷററായി നിയമിതനായ ബ്രദർ കോശി ജോർജ്ജ് സ്റ്റേറ്റ് ബോർഡ് മെമ്പറായും ട്രഷററായും പ്രവർത്തിച്ചിട്ടുണ്ട്.

E-mail: beljourn@gmail.com
Website: www.beljourn.com

CHURCH OF GOD
UMM Al Quwain (UAE)
WORSHIP
Friday 11am - 1.30pm
COTTAGE MEETING
Saturday 8pm - 9.30pm
E-mail: churchofgoduae@gmail.com

Pr. Binu Thomas
Ph: 00971-505516735

Pr. John Koshy
Ph: 00971-559270602

# യു.പി.എഫ് മെറിറ്റ് അവാർഡും സെമിനാറും




തിരുവല്ല വെസ്റ്റ് യൂണിയൻ പെന്തക്കോസ്തൽ ഫെലോഷിപ് മെറിറ്റ് അവാർഡ് സെമിനാറും ചർച്ച് ഓഫ് ഗോഡ് സൺഡേസ്കൂൾ മുൻ സെക്രട്ടറി പ്രൊഫ.ബ്ലെസൻ ജോർജ് (സി.എം.എസ് കോളജ് കോട്ടയം) മേപ്രാലിൽ ഉദ്ഘാടനം ചെയ്യുന്നു. പാസ്റ്റർമാരായ കെ. ജോണിക്കുട്ടി, അനിൽ പി സാമുവേൽ, സെക്രട്ടറി ജോജി ഐപ്പ് മാത്യൂസ്, ചെയർമാൻ പാസ്റ്റർ സാം പി ജോസഫ്, സജി ജോൺ എന്നിവർ സമീപം.

**മേപ്രാൽ:** സ്വപ്നങ്ങൾ ഉള്ളവർക്ക് മാത്രമെ ലക്ഷ്യത്തിലെത്താൻ കഴിയുവെന്ന് ചർച്ച് ഓഫ് ഗോഡ് സൺഡേസ്കൂൾ മുൻ സെക്രട്ടറി പ്രൊഫ. ബ്ലെസൻ ജോർജ് (സി.എം.എസ് കോളജ് കോട്ടയം) പറഞ്ഞു.

തിരുവല്ല വെസ്റ്റ് യൂണിയൻ പെന്തെക്കോസ്തൽ ഫെലോഷിപ്പ് മെറിറ്റ് അവാർഡും സെമിനാറും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ആത്മീയ ദർശനം പ്രാപിച്ചവർക്ക് ലക്ഷ്യത്തിലേക്കുള്ള സാക്ഷാത്കാരം സുഗമമാകുമെന്നും പ്രൊഫ. ബ്ലെസൻ പറഞ്ഞു. യു.പി.എഫ് ചെയർമാൻ പാസ്റ്റർ സാം പി ജോസഫ് അധ്യക്ഷത വഹിച്ചു. സെക്രട്ടറി ജോജി ഐപ്പ് മാത്യൂസ്, കോ-ഓർഡിനേറ്റർ പാസ്റ്റർ സാബു പി ചാണ്ടി, വൈസ് ചെയർമാൻമാരായ പാസ്റ്റർ അനിൽ പി സാമുവൽ, കെ.ജോണിക്കുട്ടി, ട്രഷാർ സാം ചാക്കോ, നിസി കുരുവിള, എല്ലാവിഷയങ്ങൾക്കും അ വൺ ലഭിച്ച എമീമ്മ അന്ന പൗലോസ് എന്നിവർ പ്രസംഗിച്ചു. മികച്ച വിജയം നേടിയവർക്ക് ഫലകങ്ങളും മെഡലുകളും വിതരണം ചെയ്തു. പുതിയതായി സ്ഥലം മാറ്റം ലഭിച്ചു വന്ന പാസ്റ്റർമാർക്ക് സ്വീകരണം നൽകി.

**മല്ലപ്പള്ളി:** യുണൈറ്റഡ് പെന്തെക്കോസ്തു ഫെലോഷിപ്പിന്റെ വാർഷികസമ്മേളനവും മെറിറ്റഅ അവാർഡ് വിതരണവും ജൂൺ 25 ഞായർ വൈകിട്ട് 5 മണിക്ക് ഐപിസി സീയോൻപുരം ഹാളിൽ നടന്നു. 10,12 ക്ലാസ്സുകളിൽ ഉന്നതവിജയം നേടിയ എട്ട് വിദ്യാർത്ഥികൾക്ക് മെറിറ്റ് അവാർഡുകളും അർഹരായ ഏതാനും കുട്ടികൾക്ക് തുടർപഠനത്തിനുള്ള വിദ്യാഭ്യാസസഹായവും വിതരണം ചെയ്തു. പാസ്റ്റർ റ്റി. വി. പോത്തൻ അധ്യക്ഷത വഹിച്ചു. ഇവാ. സാജു മാത്യു മുഖ്യാതിഥിയായിരുന്നു. വാർഷിക ജനറൽ ബോഡിയിൽ പാസ്റ്റർ സാം പി. ജോസഫ് റിപ്പോർട്ടും ട്രഷറാർ എം. എ. ഫിലിപ്പ് കണക്കുകളും അവതരിപ്പിച്ചു.

പുതിയതായി മല്ലപ്പള്ളിയിലെ വിവിധ സഭകളിലേക്ക് സഭാചാർജ് എടുത്ത 7 പാസ്റ്റേഴ്സിന് സ്വീകരണവും നൽകി. വാർഷിക യോഗനാന്തരം നടന്ന ബൈബിൾ ക്ലാസിന് ഇവാ. സാജു മാത്യു കുറിയന്നൂർ നേതൃത്വം നൽകി. പ്രകാശ് വി. മാത്യു സ്വാഗതവും ബെന്നി കൊച്ചുവടക്കൻ നന്ദിയും പ്രകാശിപ്പിച്ചു.

# പ്രതിഭാ സംഗമവും അവാർഡ് വിതരണവും




ചെറുവക്കൽ ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയിൽ വച്ചു നടന്ന പ്രതിഭാ സംഗമം ശ്രീ മുല്ലക്കര രത്നാകരൻ ഉദ്ഘാടനം ചെയ്യുന്നു

**ചെറുവക്കൽ:** ഐ.പി.സി, വേങ്ങൂർ സെന്ററിന്റെയും ചെറുവക്കൽ ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയുടെയും സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പ്രതിഭാ സംഗമവും ക്യാഷ് അവാർഡ് വിതരണവും നടത്തപ്പെട്ടു. 2017 ജൂൺ 25 ഞായറാഴ്ച മൂന്ന് മണിക്ക് പാസ്റ്റർ കെ. ബെന്നിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം ചടയമംഗലം എം.എൽ.എ. മുല്ലക്കര രത്നാകരൻ ഉദ്ഘാടനം ചെയ്തു. എസ്.എസ്.എൽ.സി -ക്കും +2 - വിനും എല്ലാ വിഷയങ്ങൾക്കും അ+ നേടിയ ഇളമാട് പഞ്ചായത്തിലും വേങ്ങൂർ സെന്ററിന്റെറിലും ഉള്ള 88 വിദ്യാർത്ഥികളെ ക്യാഷ് അവാർഡും മെഡലും നല്കി ആദരിച്ചു. ഇളമാട് പഞ്ചായത്ത് പ്രസിഡന്റ് കുമാരി ചിത്ര, ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സാം കെ.ഡാനിയേൽ, ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരി പ്രിൻസിപ്പാൾ ഡോ. രാജീവ് എം. തോമസ്, വേങ്ങൂർ സെന്റർ വൈസ് പ്രസിഡന്റ് പാസ്റ്റർ കെ. ഷാജി, ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരി രജിസ്ട്രാർ റവ. സുനീഷ് ജോൺസൺ എന്നിവർ പ്രസംഗിച്ചു. ജനപ്രതിനിധികളും രാഷ്ട്രീയ സാമുദായിക സാംസ്കാരിക നേതാക്കളും പങ്കെടുത്തു. ജൂബിലി കൺവീനർ ബ്രദർ ജെയിംസ് ജോർജ് വേങ്ങൂർ പ്രവർത്തന വിശദീകരണവും സെന്റർ സെക്രട്ടറി പാസ്റ്റർ ജിനു ജോൺ സ്വാഗതവും ഇവാഞ്ചലിസ്റ്റ് ജോൺസൺ ജെ. കൃതജ്ഞതയും അറിയിച്ചു. ബ്രദർ സാം സി.ഡാനിയേൽ, ഇവാഞ്ചലിസ്റ്റ് വിൽസൺ സാമുവേൽ എന്നിവർ നേതൃത്വം നല്കി.

# ഐപിസി മഡിപാക്കം ഏബൻ-ഏസർ സഭ സിൽവർ ജൂബിലി ആഘോഷം

**ചെന്നൈ:** ഐപിസി മഡിപാക്കം ഏബൻ ഏസർ സഭയുടെ സിൽവർ ജൂബിലി ആഘോഷങ്ങൾ 2017 ജൂൺ 18 നു ആരംഭിച്ചു. സഭാശുശ്രൂഷകൻ പാസ്റ്റർ ഹാർട്ട്ലി സാമുവേൽ അധ്യക്ഷത വഹിച്ച് ഉദ്ഘാടന മീറ്റിംഗിൽ വച്ച്, ഡിസ്ട്രിക്ട് പാസ്റ്റർ രാജു എം. ചെറിയാൻ ജൂബിലി ഉദ്ഘാടനം നിർവ്വഹിച്ചു. സെക്രട്ടറി ബ്രദർ സുരേഷ് സെബാസ്റ്റ്യൻ, സഭയുടെ കഴിഞ്ഞ 25 വർഷത്തേ ഹൃസ്വ ചരിത്രം അവതരിപ്പിച്ചു. 1992 ആഗസ്റ്റിൽ, ബ്രദർ ഫിലിപ്പ് മാത്യുവിന്റെ ഭവനത്തിൽ കേവലം 9 കുടുംബങ്ങളുമായി ആരംഭിച്ച് മഡാക്കം സഭ ഇന്ന് 35-ൽ പരം കുടുംബങ്ങളും, സ്വന്തം സഭാഹോൾ പാഴ്സനേജ്, മൂന്ന് ഔട്ട്സ്റ്റേഷൻ പ്രവർത്തനങ്ങൾ എന്നിവയോട് കൂടെ ഐപിസി ചെന്നൈ മെട്രോ ഡിസ്ട്രിക്ടിലെ ഏറ്റവും വലിയ സഭയായി വളരുവാൻ ദൈവം സഹായിച്ചു. ജൂൺ 18 മുതൽ ജനുവരി 7 വരെ നീണ്ടു നിൽക്കുന്ന വ്യത്യസ്ത പ്രോഗ്രാമുകളും, ജീവകാരുണ്യ പ്രവർത്തനങ്ങളും ജൂബിലി വർഷത്തിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.



Patmos Ministries India
ഭാരത സുവിശേഷീകരണത്തിനായി അണിചേരു ◉ ഇന്ത്യയുടെ 13 സംസ്ഥാനങ്ങളിലും നേപ്പാളിലും ബർമയിലും പ്രവർത്തനങ്ങൾ ◉ പ്രാർത്ഥനാ ഗോപുരങ്ങൾ ◉ കോൺഫ്രൻസുകൾ ◉ ക്രൂസേഡുകൾ ◉ തദ്ദേശീയരായ സുവിശേഷവേലക്കാരെ പരിശീലിപ്പിക്കുന്നട്രെയിനിംഗ്സെന്ററുകൾ ◉ ഓർഫനേജുകൾ ◉ മിഷൻസ്കൂളുകൾ ◉ ജീവകാരുണ്യ സഹായം ◉ ബൈബിൾ വിതരണം ◉ ടി.വി. മിനിസ്ട്രി ◉ സ്വയംതൊഴിൽ സംരംഭങ്ങൾ ◉ ആതുരസേവനങ്ങൾ ◉ കംമ്പ്യൂട്ടർ സെന്റർ ◉ അനാഥർക്ക് ആശ്വാസഭവനവും ഭക്ഷണവും
പ്രാർത്ഥനയ്ക്കായി വിളിക്കൂ
പത്മോസ് പ്രയർ ടവർ
തിരുവല്ല: 09495614414, ചങ്ങനാശ്ശേരി: 09495174721
കാട്ടാക്കട, തിരുവനന്തപുരം: 09497744829,
ഗുജറാത്ത്: 09687480090
ഡൽഹി : 09811548283, മൈസൂർ: 09739973959
Head Office: Patmos Ministries India, Zion Bunglow, Changanacherry, 686 101, Kottayam (Dis) Kerala-India

MOB: 944736879, TEL: 0469 2666995
beljourn@gmail.com
beljourn.com/ www.bjournal.org
VOL 10, ISSUE 13

BELIEVERS JOURNAL

PUBLISHED ON 10/07/2017

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105
Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10




Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.